# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നന്നമ്പ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM 15/1785/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/10/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്നമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM 15/1785/2023 തീയ്യതി: 06/10/2023

## മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-02-2023 മുതൽ 24-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ.കെ.കെ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-07-2023 | 02-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-07-2023 | 02-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ.പി, ഓഡിറ്റ് ഓഫീസർ,
ശ്രീ. മുഹമ്മദ് സിയാദ്.പി.പി, അസി. ഓഡിറ്റ് ഓഫീസർ,
ശ്രീമതി. ജിഷ. കെ, സീനിയർഗ്രേഡ് ഓഡിറ്റർ,
ശ്രീമതി. ലത.ഒ.വി, സീനിയർഗ്രേഡ് ഓഡിറ്റർ,

ശ്രീ.മൊയ്തീൻ ഫാസിൽ .കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.റഹിയാനത്ത്.പി.കെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിസിലി ബിന്ദു.ടി.എസ് | സെക്രട്ടറി | 01-04-2022 | 11-10-2022 |
| ശ്രീ.സലീഷ്.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-10-2022 | 12-10-2022 |
| ശ്രീ. പ്രദീപൻ.പി.കെ | സെക്രട്ടറി | 13-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സലീഷ്.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.നിഷ.പി | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീ.സബീർ ഹുസ്സൈൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജോഷ്ന | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.സൽമ വി.പി | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2022 | 26-04-2022 |
| ശ്രീമതി.നീരജ.ബി | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 27-04-2022 | 30-06-2022 |
| ശ്രീ.ശിഹാബുദ്ധീൻ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-07-2022 | 14-11-2022 |
| ശ്രീമതി.സൗമ്യ..ടി | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 15-11-2022 | 26-12-2022 |
| ശ്രീമതി.ശ്രീമനിത.എം.എൻ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 27-12-2022 | 31-03-2023 |
| ശ്രീമതി.സംഗീത | കൃഷി ഓഫീസർ | 01-04-2022 | 30-09-2022 |
| ശ്രീമതി.ആരുണി | കൃഷി ഓഫീസർ | 01-10-2022 | 31-03-2023 |
| ശ്രീമതി.ശഹലാസ് | കൃഷി | 01-02-2023 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ(എംപ്ലോയ്മെന്റ്) | | |
| ശ്രീ.പ്രശാന്ത് കരിമ്പിൽ | വി.ഇ.ഒ | 01-04-2022 | 26-07-2022 |
| ശ്രീമതി.കവിത.ജി.നായർ | വി.ഇ.ഒ | 27-07-2022 | 31-10-2022 |
| ശ്രീ.ഗണേഷ്.എസ് | വി.ഇ.ഒ | 04-01-2023 | 31-03-2023 |
| ശ്രീമതി.ഷമീജ ഷാഫി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-07-2022 |
| ശ്രീമതി.അർഷ.എസ് | അസി.എഞ്ചിനീയർ | 01-08-2022 | 31-03-2023 |
| ശ്രീമതി. രജിത .ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഒഴിവ് | വി.ഇ.ഒ. | 30-12-2022 | 03-01-2023 |
| ശ്രീ .സമ്പത്ത മോഹൻ | വി.ഇ.ഒ. | 01-11-2022 | 29-12-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ബാങ്ക് ബുക്ക് തുക റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ബാങ്ക് സ്റ്റേറ്റമെന്റുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ഷീറ്റ് ഹാജരാക്കിയില്ല | 1-1-4 |
| 6 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുൻക്കൂറുകളുടെ വർഷം തിരിച്ചുള്ള വിവരം ലഭ്യമല്ല. | 1-1-5 |
| 7 | ഓഡിറ്റ് റിക്കവറി രജിസറ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-6 |
| 8 | അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-7 |
| 9 | വസ്തി നികുതി ഡി.സി.ബിയും എ.എഫ്.എസും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ബജറ്റ്. | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | വിഭവ സമാഹരണം സംബന്ധിച്ച അവലോകനം | 1-11 |
| 20 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻക്കൂറുകൾ - അവലോകനം. | 1-12 |
| 21 | പഞ്ചായത്തിൽ C C TV സ്ഥാപിക്കൽ - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-13 |
| 22 | മുൻക്കൂർ തുക നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായില്ല | 1-14 |
| 23 | ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-15 |
| 24 | ലക്ഷം വീട്- ഇരട്ട വീട് ഒറ്റ വീടാക്കൽ-പദ്ധതി അപാകത | 1-16 |

| | | |
|---|---|---|
| 25 | ഐ.കെ.എം വിഹിതം നൽകി- കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല | 1-17 |
| 26 | ജലനിധി സുസ്ഥിര പദ്ധതി പഞ്ചായത്ത് വിഹിതം - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-18 |
| 27 | എസ് എസ് എ വിഹിതം നൽകൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമായില്ല | 1-19 |
| 28 | വിവിധ പദ്ധതികൾക്കായി കെ എസ് ഇ ബി യിൽ തുക മുൻകൂർ നിക്ഷേപിച്ചു - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമായില്ല | 1-20 |
| 29 | വിവിധ പദ്ധതികൾക്കായി ഭൂജല വകുപ്പിൽ തുക മുൻകൂർ നിക്ഷേപിച്ചു - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമായില്ല | 1-21 |
| 30 | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകതകൾ | 1-22 |
| 31 | ഇലക്ട്രിക്കൽ പ്രവൃത്തി - അപാകതകൾ | 1-23 |
| 32 | ലൈബ്രറി സെസ്സ് തുക അടവാക്കൽ - കൈപ്പറ്റ രശീതി ലഭ്യമാക്കിയില്ല | 1-24 |
| 33 | അസി.എഞ്ചിനീയർ രേഖകൾ പരിപാലിക്കുന്നതിൽ അപാകത | 1-25 |
| 34 | ഫെസ്റ്റിവൽ അഡ്വാൻസ് - ക്രമീകരിക്കേണ്ടതാണ് | 1-26 |
| 35 | മഴക്കാല പൂർവ്വ ശുചീകരണം- തുക പൂർണ്ണമായി ചെലവഴിച്ചില്ല | 1-27 |
| 36 | രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-28 |
| 37 | ലൈസൻസ് പിരിവിലും അപാകത | 1-29 |
| 38 | വസ്തു നികുതി പിരിവിലെ അപാകത | 1-30 |
| 39 | സ്വകാര്യ ആശുപത്രികൾ രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്നു | 1-31 |
| 40 | തൊഴിൽ നികുതി പിരിവിലെ അപാകത | 1-32 |
| 41 | മൊബൈൽ ടവർ-നികുതി പിരിവിലെ അപാകത | 1-33 |
| 42 | മരുന്നു മുഴുവനും ലഭ്യമായില്ല | 1-34 |
| 43 | റോഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി- 30147 രൂപയുടെ അധികച്ചെലവ് | 1-35 |
| 44 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയില്ല- ജി.എസ്.ടി. അധിക നിരക്കിൽ നൽകുക വഴി അധികച്ചെലവ് വന്നു. | 1-36 |
| 45 | ദീർഘ വീക്ഷണമില്ലാതെ റോഡ് നിർമ്മാണം - പുതുതായി നിർമ്മിച്ച കോൺക്രീറ്റ് റോഡുകൾ പോലും കീറിമുറിക്കേണ്ടി വന്നു. | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | റോഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി- 30147 രൂപയുടെ | 3-1 |

| | | |
|---|---|---|
| | അധികച്ചെലവ് | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 37(1)/17.06.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 26.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം
തീയതി:

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ബാങ്ക് ബുക്ക് തുക റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

ആക്സിസ് ബാങ്ക് (A/C No. 920010054639610) ലെ നീക്കിയിരിപ്പ് 40(b) പ്രകാരം 3804/- രൂപയാണ്. എന്നാൽ ആയത് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 3829/- രൂപയാണ്.

## 1-1-3 ബാങ്ക് സ്റ്റേറ്റ്മെന്റുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയതിലൊന്നും മാനേജറുടെ അറ്റസ്റ്റേഷൻ രേഖപ്പെടുത്തിയിട്ടില്ല,

## 1-1-4 ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ഷീറ്റ് ഹാജരാക്കിയില്ല

ഡിപ്രീസിയേഷൻ കാൽക്കുലേഷൻ ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത I 17(a) യുമായി ഒത്ത് നോക്കാൻ സാധിച്ചിട്ടില്ല.

## 1-1-5 ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുൻകുറുകളുടെ വർഷം തിരിച്ചുള്ള വിവരം ലഭ്യമല്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം വിവിധ ഇനങ്ങളിൽ മുന്നിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റ് തുക കാലഹരണപ്പെട്ടതാണോ എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞില്ല.

## 1-1-6 ഓഡിറ്റ് റിക്കവറി രജിസറ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

RP 10 പ്രകാരം 750 /- രൂപ ഓഡിറ്റ് റിക്കവറിയിനത്തിൽ വരവുണ്ടെങ്കിലും രജിസ്ററർ കാലികമാക്കാത്തത് കൊണ്ട് ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-7 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം 131000/- രൂപ ഫെസ്റ്റിവെൽ അഡ്വാൻസ് അനുവദിക്കുകയും 119000/- രൂപ തിരികെ ഈടാക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ RP-49(R)പ്രകാരം 22,000/-രൂപ ലഭ്യമായതിന്റെ വിവരങ്ങളൊന്നും അഡ്വാൻസ് രജിസ്റ്ററിൽ ലഭ്യമല്ല.

## 1-1-8 വസ്തി നികുതി ഡി.സി.ബിയും എ.എഫ്.എസും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

I-1 പ്രകാരം പ്രോപർട്ടി ടാക്സ് നോൺ റസിഡൻഷ്യൽ വിഭാഗത്തില്ലുള്ള ഡിമാന്റ് 3491371/- രൂപയും RP 45 പ്രകാരമുള്ള കളക്ഷൻ 3479767/-രൂപയുമാണ്.ആയത് പ്രകാരമുള്ള കുടിശ്ശിക 11604/-രൂപയാണ്.എന്നാൽ B-15 പ്രകാരം ആയത് 4481/- രൂപയാണ്.മുൻ വർഷത്തിൽ ഈ ഇനത്തില്ലുള്ള കുടിശ്ശിക പൂജ്യം ആണ്.എന്നാൽ തൻ വർഷം ആയത് 2952/- രൂപയായി രേഖപ്പെടുത്തിയിട്ടുണ്ട്.

മുൻ വർഷ വാർഷിക ധനകാര്യ പത്രിക B15പ്രകാരം റസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ ബിൽഡിംഗുകളിലെ ബാലൻസ് പൂജ്യം ആയാണ് കാണിച്ചിട്ടുള്ളത്.എന്നാൽ തനത് വർഷത്തെ വാർഷിക ധനകാര്യ പത്രിക,ഡി.സി.ബി എന്നിവ പ്രകാരം ആയത് യഥാക്രമം 11154, 623 എന്നിങ്ങനെയാണ്.

## 1-2 ബജറ്റ്.

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തിയ്യതി. | ( പുതുക്കിയത് ) തീരുമാന നമ്പർ/തിയ്യതി. |
|---|---|
| 25.03.2022 ലെ 1/1 നമ്പർ തീരുമാനം | 06.03.2023 ലെ 1/1 നമ്പർ തീരുമാനം |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 65582678 |
| വരവ് | 104699836 |
| ആകെ | 170282514 |
| ചെലവ് | 132037847 |
| നീക്കിയിരിപ്പ് | 38244667 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 29314400 | 29314400 | 26999208 | 2315192 |
| വികസനഫണ്ട് എസ്.സി.പി. | | 2723357 | 2723357 | 2396916 | 326441 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | | 10415000 | 10415000 | 5967011 | 4447989 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 6525000 | 6525000 | 3427214 | 3097786 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | | 4948176 | 4948176 | 4949941 | -1765 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | | 8338931 | 8338931 | 1531686 | 6807245 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 4935600 | 4935600 | 4935600 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 179712384 | 147 | 57302241 | . | 68 | 68 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 400611 | 400611 | 225 | 400386 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7499081 | 7499081 | 7499081 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | . |
| കർഷകതൊഴിലാളി പെൻഷൻ | 2390400 | 1530 |
| വിധവാപെൻഷൻ | 13360000 | 8461 |
| വാർദ്ധക്യകാലപെൻഷൻ | 27623600 | 18123 |
| വികലാംഗപെൻഷൻ | 5835200 | 3715 |
| വിവാഹ ധനസഹായം | 120000 | 4 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 206400 | 129 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.2023 ന് 12.10 Pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3205/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽ പ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, ഭരണ സമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3. നികുതി വരുമാനങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിലും നികുതി പുരോഗതി വിലയിരുത്തുന്ന കാര്യത്തിലും ധനകാര്യ സ്ററാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ട്രേഡേഴ്സിന്റെ വിവരങ്ങൾ സംബന്ധിച്ച് ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല. (പ്രത്യേക ഖണ്ഡിക കാണുക)

4. വർക്കിംഗ് ഗ്രൂപ്പുകൾ അവയുടെ നിയമപരമായ ചുമതല നിർവ്വഹിക്കുന്നില്ല. പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമല്ല.

5. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. 12, 13 പദ്ധതിക്കാലയളവിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുകയോ തുക ക്രമീകരിക്കുകയോ ചെയ്യാതെ അവശേഷിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.12.2022 | നവംബർ 2022 | 22.12.2022 |
| എ.ജി ഓഡിറ്റ് | 03.02.2017 | 2015-2016 | 29.03.2017 |

## 1-11 വിഭവ സമാഹരണം സംബന്ധിച്ച അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽ
കിക്കൊണ്ട് നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

### ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

ആറാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ(കൈ)നം.117/2022/ എൽ എസ് ജി ഡി , തിയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ 2ആയി എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നു മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ചചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ , ഭരണ സമിതിയോ സ്വീകരിച്ചതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മീറ്റിംഗ് കൂടി വേക്കൻസി റമിഷൻ , പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവ പരിഗണിച്ചിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതായോ, ലഭ്യമായ തനത് വരുമാനം പിരിച്ചെടുക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയതായോ മീറ്റിംഗ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ നികുതിവരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തിന് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പു വരുത്തുന്നതിനും ധനകാര്യസ്റ്റാന്റിംഗ്കമ്മറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

### ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം ബജറ്റ് . 2022-23 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള പ്രതീക്ഷിത വരവും , സ്ഥാപനത്തിലെ വാർഷിക കണക്ക പ്രകാരം ലഭ്യമായ

വരവും തമ്മിൽ താഴെ പറയുന്ന ഇനങ്ങളിൽ വലിയ വ്യത്യാസം കാണുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്ക പ്രകാരം ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| Property Tax | 80,00,000 | 6620624 | -1379376 |
| Profession Tax | 14,50,000 | 1166340 | -283660 |
| Charge/Fees | 1,10,000 | 820 | -109180 |
| Certificate /Extract Fees | 150,000 | 63190 | 86810 |
| Restoration Charge For Road Cutting | 25,00000 | 12731 | -2487269 |
| Sales Of Forum | 325000 | 20195 | -304805 |

പഞ്ചായത്തിന്റെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യാഥാർത്ഥ വരവും തമ്മിൽ ഇത്രയും അന്തരം വരുമ്പോൾ ബജറ്റിന്റെ രൂപീകരണം യാതൊരു മുന്നൊരുക്കവും കൂടാതെ ആണെന്ന് വ്യക്തമാക്കുന്നതാണ്. ബജറ്റ് യാഥാർത്ഥ്യത്തോട് ചേർന്നു നിൽക്കുന്നതാവാൻ ശ്രദ്ധിക്കേണ്ടതാണ്.

വസ്തു നികുതി

സ.ഉ (കൈ) നം. 77/2023/എൽ എസ് ജി ഡി , തിയ്യതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ (അച്ചടി) നം. 25/2023/എൽ എസ് ജി ഡി , തിയ്യതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്)26.06.2023 ലെ 12/1ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും A5-3655/23 തിയ്യതി 03.07.2023 പ്രകാരം ഇതു സംബന്ധിച്ച അറിയിപ്പ് 12.07.2023 തിയ്യതിയിൽ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് , എം.എസ്.എം.ഇ വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ/ റിസോർട്ടുകൾ, റസിഡൻഷ്യൽ ഹോംസ്റ്റേ തുടങ്ങിയ സ്ഥാപനങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവ 26.06.2023 ലെ 12/1ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും ആയതു സംബന്ധിച്ചുള്ള അറിയിപ്പ് A5-3655/23 തിയ്യതി 03.07.2023 പ്രകാരം 12.07.2023 തിയ്യതിയിൽ പത്രത്തിൽ പരസ്യം ചെയ്തിട്ടുമുണ്ട്.

4.കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. അതിനായി ഇന്റർവ്യൂ നടത്തുകയും ആയതിൽ പങ്കെടുത്ത 9 പേരിൽ നിക്ഷിപ്ത യോഗ്യതയുള്ള 8 പേരെ നിയമിച്ചു കൊണ്ട് 26.06.2023 ലെ 15/1 നമ്പർ തീരുമാനം എടുത്തിട്ടുണ്ട്.

5. പുതുക്കിയ വസ്തുനികുതി നിരക്കിന്റെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പരസ്യപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും ആയത് പരസ്യപ്പെടുത്തിയിട്ടില്ല. ഇത് കാരണം 01.04.2023ന് ശേഷം പുതുതായി വസ്തുനികുതി നിർണ്ണയം നടത്തുന്ന കേസുകളിൽ പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിച്ച്, പുതിയ

നിരക്ക് പ്രകാരമുള്ള അധിക തുക അടവാക്കിക്കൊള്ളാമെന്നുള്ള സമ്മതപത്രം ഉടമകളിൽ നിന്ന് കൈപ്പറ്റുകയാണ് ചെയ്യുന്നത്.

പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ ഇപ്രകാരമാണോ മേഖലകൾ തിരിച്ചിട്ടുള്ളത് എന്നത് വ്യക്തമല്ല. പി.ഡബ്യു.ഡി റോഡിൽ നിന്നും നേരിട്ട് പ്രവേശന മാർഗ്ഗമുള്ള ഗ്രാമപഞ്ചായത്തിലെ ചില പ്രത്യേക ഭാഗങ്ങൾ മാത്രമാണ് പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന പ്രദേശങ്ങൾ മുഴുവൻ ദ്വിതീയ മേഖലയിലും ഉൾപ്പെടുത്തി. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ / ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ , നികുതിയിളവ് നേടിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ നൽകിയ 959,9B അപേക്ഷകൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും ആയതിൽ നാളിതു വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

വസ്തു നികുതിയുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് പുതുക്കിയ വസ്തു നികുതി ഈടാക്കുന്നതിനും , ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ 9B അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ , ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയും , ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിനു സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം, തെരുവു വിളക്കുകൾ ,ഡ്രൈനേജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെ പറയുന്ന പ്രകാരം ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന നികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജലവിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

നന്നമ്പ്ര ഗ്രാമപഞ്ചായത്ത് തെരുവു വിളക്കുകൾക്കായി 2% സേവന നികുതി ഈടാക്കുന്നുണ്ട്. ഈ ഇനത്തിൽ 2022-2023 വർഷം കറന്റ് വർഷത്തിലെ സേവന ഉപ നികുതിയായി 132,481 രൂപയും അരിയറായി 552 രൂപയും ആണ് വരവ് വന്നിട്ടുള്ളത്. ഇലക്ട്രിസിറ്റി ചാർജ് ഫോർ സ്ട്രീറ്റ് ലൈറ്റ് ഇനത്തിൽ 1260180 രൂപയും റിപ്പയർ ആന്റ് മെയിന്റനൻസ് ഫോർ സ്ട്രീറ്റ് ലൈറ്റ് ഇനത്തിൽ 8204/- മൈന്റനൻസ് ആന്റ് പർച്ചെയ്സ് ഓഫ് റിലേറ്റഡ് എക്യുപ്മെന്റ് ഇനത്തിൽ 29833/-രൂപയും ആണ് തനത് വർഷം ഈ ഇനത്തിൽ പഞ്ചായത്ത് ചെലവഴിച്ചിട്ടുള്ളത്. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 21 വാർഡുകളിലായി 2011 സ്ട്രീറ്റ് ലൈറ്റുകൾ ആണ്, ഉള്ളത്.റിപ്പയർ ആന്റ് മെയിന്റനൻസ് ഫോർ സ്ട്രീറ്റ് ലൈറ്റ് ഇനത്തിൽ 8204/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യമായ വിവരമൊന്നും രജിസ്റ്ററിൽ ലഭ്യമല്ല. പഞ്ചായത്ത് പരിധിയിൽ വിവിധ പദ്ധതികളിലായി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി 2022-23 വർഷത്തിൽ 3,56,913 രൂപ കെ.എസ്.ഇ.ബിക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. സ്ട്രീറ്റ് ലൈറ്റുകൾക്കായി പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പൊതു ജനങ്ങൾക്ക് സേവന നികുതി നൽകുന്നതിനുള്ള ഗുണം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് മറ്റ് സേവന ഉപനികുതികളുടെ സാധ്യതകൾ കൂടി പരിശോധിക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ

ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ വളരെ ചുരുങ്ങിയ സ്ഥാപനങ്ങൾക്കാണ് ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രൈവറ്റ് സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വലിയ സ്ഥാപനങ്ങൾക്കു പോലും ഡിമാന്റ് നോട്ടീസ് നൽകുന്നുമില്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് കിട്ടാനുള്ള തുകകൾ പൂർണ്ണമായും ഡിമാന്റ്ചെയ്ത് പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണെങ്കിലും ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3. ലൈസൻസ് അപേക്ഷ പ്രകാരം കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാർക്കുള്ള തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല

ലൈസൻസ് ഫീസ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും അപേക്ഷകളിലൊന്നിലും മൂലധന നിക്ഷേപത്തിന്റെ കണക്ക് രേഖപ്പെടുത്തുകയോ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥലം പരിശോധിച്ച് അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തി അപേക്ഷകളുടെ കൃത്യത ഉറപ്പ് വരുത്തുകയോ ചെയ്തിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിൽ കാലാനുസൃതമായ മാറ്റം വരുത്തേണ്ടതാണ്.

മറ്റിനം

പഞ്ചായത്ത് ലൈബ്രറി

പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ലൈബ്രറിയിൽ നിലവിൽ അയ്യായിരത്തോളം ബുക്കുകളുണ്ട്. ലൈബ്രറി പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും പരിമിതമായ സൗകര്യം മാത്രമേ ലഭ്യമായിട്ടുള്ളൂ.2022-23 വർഷത്തിൽ ലൈബ്രറിയിൽനിന്നുള്ള വരുമാനം 280/- രൂപയാണ്. ലൈബ്രറി സൗകര്യം നാട്ടുകാർക്ക് ഉപകാരപ്രദമാവുന്ന തരത്തിൽ ക്രമീകരിക്കേണ്ടതും, രജിസ്ട്രേഷൻ , വാർഷിക ഫീസ് എന്നിവ ഉയർത്തി പഞ്ചായത്തിന്റെ തനത് വരുമാനം കൂട്ടുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

രജിസ്ട്രേഷൻ ഫീസ്

1. 1999 ലെ കേരള പഞ്ചായത്ത് രാജ് ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടം 3(2) പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ വരവൊന്നും തന്നെ ഇല്ല . നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഇത്തരം സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.എന്നാൽ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ RP4 പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 800/- രൂപ മാത്രമാണ് വരവ് വന്നിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ , പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഡെപ്പോസിറ്റ് പ്രവൃത്തികൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ 1/26.7.23] നൽകിയെങ്കിലും ആയതിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ (1) | സാമ്പത്തിക വർഷം (2) | പ്രോജക്ട് നമ്പർ (3) | പ്രോജക്ട് (4) | ഏജൻസി (5) | മുൻകൂർ നൽകിയ തുക (6) | ഫണ്ട് ഇനം (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | 2013-14 | 123/14 | തെരുവു വിളക്കുകൾക്ക് കൺട്രോൾ സിസ്റ്റംസ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 270300 | Development Fund(General) - 270300 | 270300 |
| 2 | 2014-15 | 18/15 | മണ്ണാൻകോളനിയിൽ കുഴൽകിണർ | ഭൂജല വകുപ്പ് | 68318 | Development Fund(General) - 68318 | 68318 |
| 3 | 2014-15 | 58/15 | കുഴൽക്കിണറുകൾ റിപ്പയറിംഗ് | ഭൂജല വകുപ്പ് | 96000 | Own Fund - 96000 | 96000 |
| 4 | 2014-15 | 59/15 | സി.കെ.പടി മുതൽ പാണ്ടിമുറ്റംവരെ സ്ട്രീറ്റ് മെയിൻ വലിച്ച് കണ്ടട്രോൾ സിസ്റ്റം സ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 44150 | Development Fund(General) - 44150 | 44150 |
| 5 | 2014-15 | 60/15 | 3 -ാം വാർഡിൽ സ്ട്രീറ്റ്മെയിൻ വലിച്ച് കൺട്രോൾസിസ്റ്റം സ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 159250 | Own Fund - 159250 | 159250 |
| 6 | 2014-15 | 61/15 | തെക്കൻചിറമുതൽ വട്ടച്ചിറ വരെ വൈദ്യുതിലൈൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 256200 | Development Fund(General) - 256200 | 256200 |
| 7 | 2014-15 | 69/15 | തെരുവു വിളക്കുകൾക്ക് കൺട്രോൾ സിസ്റ്റംസ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 84800 | Development Fund(General) - 84800 | 84800 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | 2015-16 | 49/16 | 3 -ാം വാർഡിൽ സ്ട്രീറ്റ്മെയിൻ വലിച്ച് കൺട്രോൾസിസ്റ്റം സ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 122850 | Development Fund(General) - 122850 | 122850 |
| 9 | 2015-16 | 157/16 | സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള അനുബന്ധചെലവുകൾ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 46550 | Development Fund(General) - 46550 | 46550 |
| 10 | 2015-16 | 159/16 | അങ്കണവാടിക്ക് വൈദ്യുതി കണക്ഷൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 28700 | Development Fund(General) - 28450 , Own Fund - 250 | 28450 |
| 11 | 2015-16 | 90/16 | പഞ്ചായത്ത് ഓഫീസ് എർത്തിംഗ് & നെറ്റ് വർക്കിംഗ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD ഇലക്ട്രോണിക്സ് ഡിവിഷൻ തൃ | 125000 | Development Fund(General) - 28450 , Own Fund - 250 | 125000 |
| 12 | 2016-17 | 15/17 | സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള അനുബന്ധചെലവുകൾ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 23100 | Development Fund(General) - 23100 | 23100 |
| 13 | 2016-17 | 55/17 | തറാല കുഞ്ഞിമുട്ടിഹാജി സ്മാരക റോഡിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 200000 | Development Fund(CFC Basic Grant ) - 200000 | 200000 |
| 14 | 2016-17 | 57/17 | 10 -ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 58310 | Development Fund(CFC Basic Grant ) - 58310 | 58310 |
| 15 | 2016-17 | 67/17 | സി.കെ പടി -നാടഞ്ചേരി പള്ളി-വെള്ളിയാന്പുറം-കുന്നംപുറം റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 161400 | Development Fund(CFC Basic Grant ) - 161400 | 161400 |
| 16 | 2016-17 | 71/17 | ചിറക്കോട്ടുത്താഴം സ്റ്റേഡിയം റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 153000 | Development Fund(CFC Basic Grant ) - 153000 | 153000 |
| 17 | 2016-17 | 123/17 | ജി.എം.യു.പി സ്കൂളിൽ കുഴൽകിണർ നിർമ്മാണം | ഭൂജല വകുപ്പ് | 37670 | Own Fund - 37670 | 37670 |
| 18 | 2016-17 | 126/17 | കാരിയിൽ- ഇടവഴി റോഡിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 50575 | Development Fund(CFC Basic Grant ) - 50575 | 50575 |

| | | | | | | | |
|---|---|---|---|---|---|---|---|
| 19 | 2016-17 | 127/17 | തെയ്യാല-പാണ്ടിമുറ്റം റോഡിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 148700 | Development Fund(CFC Basic Grant ) - 148700 | 148700 |
| 20 | 2016-17 | 128/17 | കാവുങ്ങൽ ഇടവഴി റോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 51825 | Development Fund(CFC Basic Grant ) - 51825 | 51825 |
| 21 | 2017-18 | 68/18 | 1-ാം വാർഡിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 136000 | Development Fund(CFC Basic Grant ) - 136000 | 136000 |
| 22 | 2017-18 | 71/18 | 9-ാം വാർഡിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 175950 | Development Fund(CFC Basic Grant ) - 175950 | 175950 |
| 23 | 2017-18 | 72/18 | 11-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 129345 | Development Fund(CFC Basic Grant ) - 129345 | 129345 |
| 24 | 2017-18 | 74/18 | 13 -ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 99110 | Development Fund(CFC Basic Grant ) - 99110 | 99110 |
| 25 | 2017-18 | 78/18 | 12-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 149550 | Development Fund(CFC Basic Grant ) - 149550 | 149550 |
| 26 | 2017-18 | 80/18 | 16-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 244300 | Development Fund(CFC Basic Grant ) - 231875 , Own Fund - 12425 | 244300 |
| 27 | 2017-18 | 81/18 | 3, 19 വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 49885 | Development Fund(CFC Basic Grant ) - 49885 | 49885 |
| 28 | 2017-18 | 82/18 | കാരാട്ടേരിക്കുളം റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 138125 | Development Fund(CFC Basic Grant ) - 138125 | 138125 |
| 29 | 2017-18 | 83/18 | 19-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 99600 | Development Fund(CFC Basic Grant ) - 99600 | 99600 |
| 30 | 2017-18 | 84/18 | 7-8 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി | 75625 | Development Fund(CFC | 75625 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | വലിക്കൽ | ബോർഡ് | | Basic Grant ) - 75625 | |
| 31 | 2017-18 | 87/18 | 4 -ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 99800 | Development Fund(CFC Basic Grant ) - 99800 | 99800 |
| 32 | 2017-18 | 179/18 | തൃക്കളം തെയ്യാലറോഡിൽ സ്ട്രീറ്റ് ലൈൻ വലിച്ച് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 646450 | Development Fund(CFC Basic Grant ) - 559000 , Own Fund - 87450 | 646450 |
| 33 | 2017-18 | 180/18 | സി.കെ.പടി നടാഞ്ചേരിപ്പള്ളി റോഡിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 133974 | Development Fund(CFC Basic Grant ) - 133974 | 133974 |
| 34 | 2017-18 | 194/18 | വാർഡ് 8 ൽ ത്രീഫേസ് ലൈൻ വലിച്ച് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 473829 | Development Fund(CFC Basic Grant ) - 473829 | 473829 |
| 35 | 2018-19 | 36/19 | വാർഡ് 1 ൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 100000 | Development Fund(CFC Basic Grant ) - 100000 | 100000 |
| 36 | 2018-19 | 38/19 | കാവുങ്ങൽ മുഹമ്മദ്ഹാജി റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 44383 | Development Fund(CFC Basic Grant ) - 44383 | 44383 |
| 37 | 2018-19 | 40/19 | കണ്ടൂർ ടൗൺറോഡിൽ ത്രീഫേസ് ലൈൻ വലിച്ച് സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 249986 | Development Fund(CFC Basic Grant ) - 249986 | 249986 |
| 38 | 2018-19 | 41/19 | വാർഡ് 8 ൽ ത്രീഫേസ് ലൈൻ വലിച്ച് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 274783 | Development Fund(CFC Basic Grant ) - 274783 | 274783 |
| 39 | 2018-19 | 42/19 | വാർഡ് 10 ൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 192871 | Development Fund(CFC Basic Grant ) - 192871 | 192871 |
| 40 | 2018-19 | 46/19 | വാർഡ് 18 ൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 100000 | Development Fund(CFC Basic Grant ) - 100000 | 100000 |
| 41 | 2018-19 | 47/19 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി | 1053198 | Development Fund(CFC | 1053198 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | സ്ഥാപിക്കൽ | ബോർഡ് | | Basic Grant ) - 1053198 | |
| 42 | 2018-19 | 142/19 | ചക്കപ്പൻതാഴം മുതൽ കുനൻമങ്ങ് കാരാംകുണ്ട് വരെ കാർഷികാവശ്യത്തിന് വൈദ്യുതി ലൈൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 614829 | Own Fund - 614829 | 614829 |
| 43 | 2018-19 | 201/19 | ദുബായ്പ്പീടിക കുണ്ടൂർപ്പാടം റോഡിലും പന്തീരായിക്കൽ അംഗൻവാടി റോഡിലും റോഡ് നിർമ്മാണത്തിന് തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 72018 | Development Fund(CFC Basic Grant ) - 72018 | 72018 |
| 44 | 2020-21 | 17/21 | തോട്ടിൻപുറം തോട്ടിൽ ഷട്ടർ നിർമ്മാണം | ജലസേചന വകുപ്പ് | 550000 | Development Fund(General) - 550000 | 550000 |
| 45 | 2020-21 | 32/21 | മതാരി മുഹമ്മദ് ഹാജി സ്മാരക റോഡ് ത്രീ ഫേസ് സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 43939 | Development Fund(CFC Basic Grant ) - 43939 | 43939 |
| 46 | 2020-21 | 33/21 | അബ്ദുൾകലാം ആസാദ് പാത് വേ ത്രീഫേസ് സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 56916 | Development Fund(CFC Basic Grant ) - 56916 | 56916 |
| 47 | 2020-21 | 34/21 | താഴത്തെപറമ്പിൽ കക്കാട്ട് പാടം റോഡ് ത്രീഫേസ് സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 74868 | Development Fund(CFC Basic Grant ) - 74868 | 74868 |
| 48 | 2020-21 | 35/21 | പടിക്കത്താഴം കൊളക്കാട്ട് പ്പാടം റോഡ് ത്രീഫേസ് സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 73542 | Development Fund(CFC Basic Grant ) - 73542 | 73542 |
| 49 | 2020-21 | 36/21 | വാർഡ് 6 ൽ സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 62058 | Development Fund(CFC Basic Grant ) - 62058 | 62058 |
| 50 | 2020-21 | 37/21 | വാർഡ് 4 ൽ സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 0 | | 0 |
| 51 | 2020-21 | 186/21 | വെങ്ങാട്ടമ്പലം പന്തീരായക്കൽ റോഡ് സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 65450 | Development Fund(CFC Basic Grant ) - 65450 | 65450 |

| | | | | | | | |
|---|---|---|---|---|---|---|---|
| 52 | 2020-21 | 187/21 | തോട്ടുങ്ങൽ വട്ടപറമ്പ് റോഡിൽ സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 149940 | Development Fund(CFC Basic Grant ) - 149940 | 149940 |
| 53 | 2021-22 | 10/22 | വാർഡ് 16 ൽ സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 47908 | Development Fund(General) - 47908 | 47908 |
| 54 | 2021-22 | 16/22 | വാർഡ് 21 ലെ റോഡിന് തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 160000 | Development Fund(General) - 160000 | 160000 |
| 55 | 2021-22 | 17/22 | വാർഡ് 14 ൽ സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 149860 | Development Fund(General) - 149860 | 149860 |
| 56 | 2021-22 | 18/22 | വാർഡ് 15 ൽ സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 99946 | Development Fund(General) - 99946 | 99946 |
| 57 | 2021-22 | 46/22 | വാർഡ് 12 ൽ സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 48970 | Development Fund(General) - 48970 | 48970 |
| 58 | 2021-22 | 48/22 | വാർഡ് 15 ൽ സ്ട്രീറ്റ് മെയിൻ കൺട്രോൾ ബോക്സ് മീറ്റർബോക്സ് എന്നിവ സ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 12508 | Own Fund - 12508 | 12508 |
| 59 | 2021-22 | 162/22 | വാർഡ് 21 സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 99946 | Own Fund - 99946 | 99946 |
| 60 | 2021-22 | 163/22 | വാർഡ് 2 ൽ സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 49914 | Own Fund - 49914 | 49914 |
| 61 | 2021-22 | 204/22 | വാർഡ് 4 ൽ സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 170780 | Development Fund(CFC Basic Grant ) - 170780 | 170780 |
| 62 | 2021-22 | 238/22 | സ്ട്രീറ്റ് ലൈറ്റിന് ഓട്ടോമാറ്റിക് കൺട്രോൾ ബോക്സ് സ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 25454 | Development Fund(CFC Basic Grant ) - 25454 | 25454 |
| 63 | 2021-22 | 249/22 | എം കുഞ്ഞീരുമ്മ റോഡിൽ സ്ട്രീറ്റ് മെയിൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 74982 | Development Fund(CFC Basic Grant ) - 74982 | 74982 |
| 64 | 2021-22 | 251/22 | വാർഡ് 10 ൽ സ്ട്രീറ്റ് ലൈറ്റിന് കൺട്രോൾ ബോക്സ് സ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 20000 | Development Fund(CFC Basic Grant ) - 20000 | 20000 |

മേൽ പ്രവൃത്തികളിലായി മുൻകൂറായി അടവാക്കിയ തുകകൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ വിവിധ ഏജൻസികളിൽ നിന്നും തിരികെ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് ലഭ്യമാകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 പഞ്ചായത്തിൽ C C TV സ്ഥാപിക്കൽ - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് : 22/23 പഞ്ചായത്തിലെ വിവിധ അംഗൻവാടികളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ
അടങ്കൽ : 195080/- ( തനത് ഫണ്ട് )

ചെലവ് : 192911/- (വൗച്ചർ നമ്പർ 22200893/31.03.2023(189053)+ 22200890/31.03.2023(1929)+ 22200891/31.03.2023(1929)

സെക്രട്ടറി നിർവ്വഹിച്ച മേൽ പ്രോജക്ട് വഴി പഞ്ചായത്തിലെ 4 സ്ഥലങ്ങളിൽ സി സി ടി വി കൾ സ്ഥാപിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ നൂതന പ്രോജക്ടായാണ് ടി പ്രോജക്ട് ആവിഷ്കരിച്ചത്. ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് 27.03.2023 പൂർത്തീകരിച്ചതായി എസ്റ്റിമേറ്റ് തയ്യാറാക്കിയ പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗം അസി. എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക NIDSON INFOWAY എന്ന സ്ഥാപനത്തിന് നൽകിയത്. പ്രോജക്ട് സംബന്ധിച്ച് താഴെ പറയുന്ന രേഖകൾ കൂടി ലഭ്യമാക്കേണ്ടതാണ്.

1. പദ്ധതി പൂർത്തീകരിച്ചതിന്റെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട്

2. സി.സി.ടി..വി ക്യാമറ സ്ഥാപിച്ചിരിക്കുന്ന പ്രദേശങ്ങളുടെ വിവരം

3. സി.സി.ടി.വി ക്യാമറയുടെ വാറണ്ടി സംബന്ധിച്ച രേഖകൾ

4. സി.സി.ടി.വി ക്യാമറയുടെ സ്റ്റോറേജ് കപ്പാസിറ്റിയുടെ വിവരം

5. നിലവിൽ പ്രവർത്തനക്ഷമമാണോ എന്നതിന്റെ റിപ്പോർട്ട്.

മേൽ വിഷയങ്ങൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/29.07.2023) മറുപടി ലഭ്യമാക്കിയില്ല. നൂതന പ്രോജക്ടായി പഞ്ചായത്ത് 2018-19ൽ ആവിഷ്കരിച്ച ഈ പ്രോജക്ട് ലക്ഷ്യം എന്തായിരുന്നെന്നോ ആയത് കൈവരിച്ചോ എന്നത് വ്യക്തമല്ല. പദ്ധതിയുടെ മോണിറ്ററിംഗ് സമിതി റിപ്പോർട്ടും ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക ₹192911 രൂപ തടസ്സം ചെയ്യുന്നു.

## 1-14 മുൻകൂർ തുക നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് : 202/23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 300000/- ( മെയിന്റനൻസ് - നോൺറോഡ് )

ചെലവ് : 300000/- (ബിൽ നമ്പർ 18/22-23/26.12.2022)

സെക്രട്ടറി നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങുന്നതിനായി തുക മുൻകൂറായി ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ആയതു പ്രകാരം ലഭ്യമായ മരുന്നുകളുടെ ഇൻവോയ്സ്, സ്റ്റോക്കിലെടുത്ത രജിസ്റ്റർ സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 03/29.07.2023) മറുപടി ലഭ്യമാക്കിയില്ല. മരുന്നു ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-15 ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ- ടെണ്ടറിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിന് ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച വരവ് തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാതെ അസി. എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.ലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ- 41359302055, എസ്.ബി.ഐ, കൊടിഞ്ഞി- ഐ. എഫ് .എസ് .സി -SBIN0071162) സൂക്ഷിച്ചിരിക്കുകയാണ്. അക്കൗണ്ടിൽ 29.7.2023 ന് 93,175 രൂപ ഈയിനത്തിൽ അവശേഷിക്കുന്നുണ്ടെന്ന് കാണുന്നു. ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ പ്രതിഫലിക്കാത്ത ബാങ്ക് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നത് ക്രമ പ്രകാരമുള്ള നടപടിയല്ല. മാത്രമല്ല കറന്റ് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നതിനാൽ പലിശയിനത്തിൽ വരവ് ലഭിക്കുന്നുമില്ല. ഇക്കാര്യം മുൻ ഓഡിറ്റ് റിപ്പോർട്ടിൽ ശ്രദ്ധയിൽപെടുത്തിയിരുന്നുവെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. 18.10.2022 ന് മാത്രമാണ് ഇ- ടെണ്ടറിന് വേണ്ടിയുള്ള മേൽ അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത തിയ്യതിക്ക് ശേഷം നടത്തിയ ഇ- ടെണ്ടറുകളുടെ ടെണ്ടർ ഫീ മാത്രമാണ് ടി അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിട്ടുള്ളത്. എന്നാൽ പ്രസ്തുത തിയതിക്ക് മുമ്പും മുൻ വർഷങ്ങളിലും ഇ- ടെണ്ടറിന്റെ ഭാഗമായി എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ്

ചെയ്തിട്ടുള്ള തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചതായി വിവരമില്ല.

ഇക്കാര്യത്തിലുള്ള തുടർ നടപടി വിവരം അറിയിക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 23/1.8.2023നുള്ള മറുപടിയിൽ തുക എത്രയും വേഗം അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ടെണ്ടർ ഫീ ഇനത്തിലുള്ള മുഴുവൻ തുകയും ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-16 ലക്ഷം വീട്- ഇരട്ട വീട് ഒറ്റ വീടാക്കൽ-പദ്ധതി അപാകത

| | |
|---|---|
| പദ്ധതിയുടെ പേര് | ലക്ഷം വീട്- ഇരട്ട വീട് ഒറ്റ വീടാക്കൽ |
| പദ്ധതി നം. | 60/23(SO) |
| നിർവഹണം | വി ഇ ഒ |
| ചെലവ് | 2,40,000, അടങ്കൽ – 340000 |
| ഫണ്ട് | CFC-139800<br>39800-ബിൽ നം./തിയതി 3/22-23 തി. 17.5.22<br>75000-ബിൽ നം./തിയതി 11/22-23 തി. 6.12.22<br>25000-ബിൽ നം./തിയതി 12/22-23 തി 14.12.22<br>തനത് ഫണ്ട്- 100200<br>50200- ചെക്ക് നം./തിയതി JN-4501915 തി. 26.12.22<br>50000 ചെക്ക് നം./തിയതി XY-204775 തി. 2.3.23 |

2022-23 വർഷത്തിൽ സ്പിൽ ഓവർ ആയി വി ഇ ഒ നടപ്പിലാക്കിയ മേൽ പദ്ധതിയിൽ മുൻവർഷം മൂന്നാം ഗഡു ആയി 1,00,000 രൂപ കൈപറ്റിയ( ബിൽ നം. 9/21-22 തി. 22.3.2022) വാർഡ് 21 ലെ ശ്രീമതി സലീന ചെറുപാലക്കാട്ട് W/O അൻവർ ഹുസൈൻ, കൊടിഞ്ഞി എന്നവർക്ക് അവസാന ഗഡുവായ ഒരു ലക്ഷം രൂപയാണ് നിലവിൽ നല്കാൻ അവശേഷിക്കുന്നത്. എന്നാൽ ഓഡിറ്റിനു ഹാജരാക്കിയ വീട് നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളുടെ വിശദാംശം അടങ്ങിയ രേഖകൾ പ്രകാരം ലിന്റൽ നിർമാണം പൂർത്തിയാകും മുമ്പായി തന്നെ ആയത് പൂർത്തിയായതായുള്ള വി ഇ ഒ യുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മൂന്നാം ഗഡു ആയ 1,00,000 രൂപ നല്കുകയാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല ഭവന നിർമ്മാണം പൂർത്തിയാക്കുകയോ അവസാന ഗഡു നല്കുകയോ ചെയ്തിട്ടുമില്ല. നിലവിലെ നിർവഹണ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിന്റെയും ലഭ്യമായ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ നിലവിലും ലിന്റൽ നിർമാണം പൂർത്തിയായിട്ടില്ല. നിർമ്മാണത്തിന്റെ യഥാർത്ഥ സ്ഥിതി മറച്ച് വെച്ച് മേൽക്കൂര നിർമാണം പൂർത്തിയായതായി സാക്ഷ്യപത്രം നൽകിയതിന് വസ്തുതാപരമായ വിശദീകരണവും മേൽ വീട് നിർമാണം പൂർത്തിയാക്കാൻ സ്വീകരിച്ച നടപടി വിവരവും ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് നല്കിയ Enquiry Number : 21 Dated : 01-08-2023 ന ലഭ്യമാക്കിയ മറുപടിയിൽ വീട് നിർമാണം പൂർത്തിയാക്കാൻ നേരിട്ടും നോട്ടീസ് വഴിയും അറിയിപ്പ് നല്കിയിട്ടുണ്ടെന്നും ഗുണഭോക്താവിന്റെ കുടുംബാംഗത്തിനുണ്ടായ ആരോഗ്യ പ്രശ്നങ്ങളും ആശുപത്രി വാസവും മൂലമാണ് കാല താമസം നേരിട്ടതെന്നും രണ്ട് മാസത്തിനകം നിർമാണം പൂർത്തീകരിക്കാൻ ഉചിതമായ നടപടികൾ സ്വീകരിച്ച് വരുന്നതായും സാക്ഷ്യപത്രത്തിലെ അപാകത അടയാളപ്പെടുത്തിയതിൽ വന്ന പിശകാണെന്നും ആയത് മാപ്പാക്കണമെന്നും അറിയിച്ചു. വീട് നിർമാണം പൂർത്തിയാക്കാൻ നടപടി ത്വരിതപ്പെടുത്തേണ്ടതും പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. കൂടാതെ നിർമാണത്തിന്റെ വിവിധ ഘട്ടങ്ങൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മാത്രമേ സാക്ഷ്യപത്രം നല്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
ഇക്കാര്യത്തിലെ വീഴ്ച ഓഡിറ്റ് ഗൗരവപൂർവം വീക്ഷിക്കുന്നതാണ്.

## 1-17 ഐ.കെ.എം വിഹിതം നൽകി- കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല

പ്രോജക്ട് : 79/23 ഐ.കെ.എം വിഹിതം നൽകൽ

അടങ്കൽ : 87165/- ( വികസന ഫണ്ട് പൊതു വിഭാഗം)

ചെലവ് : 87165/- (ബിൽ നമ്പർ 09/22-23/28.09.2022)

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം ഐ.കെ.എം ന തുക നൽകിയിട്ടുണ്ട്. എന്നാൽ തുക നൽകിയതിന് കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/29.07.2023) മറുപടി ലഭ്യമാക്കിയില്ല. നൽകിയ തുകക്ക് ഇൻഫർമേഷൻ കേരള മിഷന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ്.

## 1-18 ജലനിധി സുസ്ഥിര പദ്ധതി പഞ്ചായത്ത് വിഹിതം - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

2022-23 വർഷത്തിൽ സെക്രട്ടറി നിർവ്വഹിച്ച ജലനിധി സുസ്ഥിര പദ്ധതികൾക്കായി താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം തുക ചെലവഴിച്ചതായി കാണുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | തുക | ബിൽ നമ്പർ/വൗച്ചർ നമ്പർ/തിയ്യതി | ഫണ്ടിനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 28/23 ജലനിധി സുസ്ഥിര പദ്ധതി പഞ്ചായത്ത് വിഹിതം | 62760 | 62760/- Voucher No. 22200846/30.03.2023 | തനത് ഫണ്ട് | പഞ്ചായത്ത് ലെവൽ ആക്ടിവിറ്റി കമ്മറ്റിയുടെ കനറാ ബാങ്കിലുള്ള A/c No 3786101010365 ലേക്ക് നൽകി |
| 2 | 231/23 ജലനിധി സുസ്ഥിര പദ്ധതി പഞ്ചായത്ത് വിഹിതം | 135242 | 17/22-23/ 26.12.2022 | വികസന ഫണ്ട് (ജനറൽ) | |
| 3 | 255/23 ജലനിധി സുസ്ഥിര പദ്ധതി പഞ്ചായത്ത് വിഹിതം | 129750 | 30/22-23/ 21. 03.2023 | വികസന ഫണ്ട് (ജനറൽ) | |
| | | 3,27,752 | | | |

1. മേൽ പ്രോജക്ടുകളിൽ ക്രമ നമ്പർ 1 മുൻവർഷത്തെ പ്രോജക്ട് സ്പിൽ ഓവറായി വന്നതാണ് ടി പ്രോജക്ട് പ്രകാരം 7 പദ്ധതികളുടെ മെയിന്റനൻസിനായാണ് തുക നൽകിയത്. ആയതിൽ 5 പദ്ധതികൾ പൂർത്തീകരിച്ചതായും രണ്ടു പദ്ധതികൾ പൂർത്തീകരിക്കുന്ന നടപടികൾ നടക്കുന്നുണ്ടെന്നും 25.02.2023 ലെ Letter No. GPST/NBRA/PC/01/2023 പ്രകാരം ജലനിധി ജൂനിയർ പ്രോജക്ട് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ബാക്കി 2പദ്ധതികളുടെ പൂർത്തീകരണ വിവരം, പദ്ധതി പ്രകാരം മെയിന്റനൻസ് പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

2. ക്രമ നമ്പർ 2, 3 എന്നിവ പ്രകാരം നൽകിയ തുകകൾ G.O(Rt) No. 837/2022/WRD പ്രകാരം വർഷ, ജീലാനി, സഹകാരം എന്നീ കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസിനായുള്ളതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി പദ്ധതികൾക്ക് വേണ്ടി മുൻ വർഷവും മെയിന്റനൻസിനായി തുക ചെലവഴിച്ചതായി കാണുന്നു. മെയിന്റനൻസ് പദ്ധതികളുടെ പൂർത്തീകരണ വിവരം, ആസ്തിയിൽ ചേർത്തതിന്റെ വിവരം എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതും , മുൻ വർഷം മെയിന്റനൻസ് പൂർത്തീകരിച്ച പദ്ധതികൾക്ക് ഈ വർഷം വീണ്ടും മെയിന്റനന്സ് ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കേണ്ടതുമാണ്. വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 5/29.07.2023) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക ₹3,27,752 രൂപ തടസ്സം ചെയ്യുന്നു.

## 1-19 എസ് എസ് എ വിഹിതം നൽകൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹിച്ച എസ് എസ് എ വിഹിതം നൽകൽ (പ്രോജക്ട് നമ്പർ 03/2023) പദ്ധതിക്കായി 2069200/- രൂപ (1900000/- വൗച്ചർ നമ്പർ XVFC/22-23/P/16/26.10.2022 + 169200/- വൗച്ചർ നമ്പർ XVFC/22-23/P/20/23.11.2022) കേരള സർവ്വ ശിക്ഷ സ്റ്റേറ്റ് പ്രോജക്ട് കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് സ.ഉ(കൈ)84/2022 /തസ്വഭവ തിയ്യതി 19.04.2022 ,പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ – ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ കേരള

സർവ്വ ശിക്ഷ പ്രോജക്ട് ഓഫീസർ അതത് തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കണം എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ് . ഇത്തരത്തിലുള്ള വിശദമായ വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ഹാജരാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (6/29.07 2023) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. എസ് എസ് കെ യ്ക്ക നൽകിയ തുക ചെലവഴിച്ചതിന്റെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക ₹2069200 രൂപ തടസ്സം ചെയ്യുന്നു

## 1-20 വിവിധ പദ്ധതികൾക്കായി കെ എസ് ഇ ബി യിൽ തുക മുൻകൂർ നിക്ഷേപിച്ചു - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹിച്ച താഴെ പറയുന്ന പ്രോജക്ടുകൾക്കായി തുക മുൻകൂറായി കെ എസ് ഇ ബി യിലേക്ക് അടവാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ തുക | ചെലവ് തുക /ബിൽ നമ്പർ/വൗച്ചർ നമ്പർ/തിയ്യതി | ഫണ്ടിനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 132/23 വാർഡ് 10ൽ സ്ട്രീറ്റ് മെയിൻ | 60825 | 19/22-23 /05.01.2023 (60,000/-)+ 22200786/ 16.03.2023 (825/-) | 60000വികസന ഫണ്ട് (ജനറൽ) + 825 തനത് | കെ എസ് ഇ ബി വെന്നിയൂർ ഇലക്ട്രിക്കൽ സെക്ഷൻ (60825) |
| 2 | 134/23 വാർഡ് 2ൽ സ്ട്രീറ്റ് മെയിൻ | 100000 | 16/22-23 /08.12.2022 (96406/-) | വികസന ഫണ്ട് (ജനറൽ) | കെ എസ് ഇ ബി തിരൂരങ്ങാടി ഇലക്ട്രിക്കൽ സെക്ഷൻ |
| 3 | 136/23 വാർഡ് 5ൽ സ്ട്രീറ്റ് മെയിൻ | 50000 | 21/22-23 /05.01.2023 (49957/-) | വികസന ഫണ്ട് (ജനറൽ) | കെ എസ് ഇ ബി വെന്നിയൂർ ഇലക്ട്രിക്കൽ സെക്ഷൻ |
| 4 | 161/23 വാർഡ് 4ൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 100000 | 20/22-23 /05.01.2023 (99929/-) | വികസന ഫണ്ട് (ജനറൽ) | കെ എസ് ഇ ബി വെന്നിയൂർ ഇലക്ട്രിക്കൽ സെക്ഷൻ |
| 5 | 159/23 വാർഡ് 20 സ്ട്രീറ്റ് മെയിൻ - അൽ അമീൻ നഗർ | 50000 | 27/22-23 /04.03.2023 (49796/-) | വികസന ഫണ്ട് (ജനറൽ) | കെ എസ് ഇ ബി തിരൂരങ്ങാടി ഇലക്ട്രിക്കൽ സെക്ഷൻ |
| | | | 3,56,913 | | |

മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/29.07.2023) മറുപടി ലഭ്യമാക്കിയില്ല . വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാവുന്നതു വരെ ചെലവ് തുക ₹3,56,913 രൂപ തടസ്സം ചെയ്യുന്നു.

## 1-21 വിവിധ പദ്ധതികൾക്കായി ഭൂജല വകുപ്പിൽ തുക മുൻകൂർ നിക്ഷേപിച്ചു - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹിച്ച താഴെ പറയുന്ന പ്രോജക്ടുകൾക്കായി തുക മുൻകൂറായി ഭൂജല വകുപ്പിൽ അടവാക്കിയിട്ടുണ്ട്.

| ക്രമ | പ്രോജക്ട് | അടങ്കൽ | ചെലവ് തുക | ഫണ്ടിനം | റിമാർക്സ് |
|---|---|---|---|---|---|

| നമ്പർ | | തുക | ബിൽ നമ്പർ/വൗച്ചർ നമ്പർ/തിയ്യതി | | |
|---|---|---|---|---|---|
| 1 | 132/23 അങ്കണവാടികളിൽ കുഴൽ കിണർ നിർമ്മാണം | 500000 | 12210/- XVFC *22-23* P/30 Dated 27.12.2022 | ധനകാര്യ കമ്മീഷൻ അവാർഡ് | അങ്കൻവാടികളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി മുൻകൂർ അടവാക്കിയ തുക |
| 2 | 50/23 കുഴൽ കിണർ റിപ്പയർ | 134436 | 113929/- XVFC *22-23* P/5 Dated 07.07.2022 22839/- XVFC *22-23* P/45 Dated 29.03.2023 | ധനകാര്യ കമ്മീഷൻ അവാർഡ് | 5 കുഴൽ കിണറുകളുടെ ഹാന്റ് പമ്പ് റിപ്പയറിനായി മുൻകൂർ നൽകിയ തുക |
| | | | 1,48,978 | | |

മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/29.07.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവുന്നതു വരെ ചെലവു തുക ₹1,48,978 രൂപ തടസ്സം ചെയ്യുന്നു.

## 1-22 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകതകൾ

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ഗ്രാമ പഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് താഴെ പരാമർശിക്കുന്ന പ്രകാരം പ്രൊജക്റ്റ് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്റ്റ് | ചെലവ് | കുറിപ്പ് |
|---|---|---|---|
| 1 | വാർഡ് 2ൽ മിനി മാസ്റ്റ് സ്ഥാപിക്കൽ (181/23) | 192928 ബിൽ നമ്പർ 08/22-23/ 28.09.2023 | 2 Nos 6m Minimast Light With 4x150w LED Light കരാർ – 18/22 Dt. 02.03.2022 |
| | ആകെ | 192928 | |

സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് അക്രഡിറ്റഡ് ഏജൻസിയായാണ് പ്രവൃത്തി നടപ്പാക്കിയിരിക്കുന്നത്. പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1) സർക്കാർ ഉത്തരവിന് വിരുദ്ധമായി SILK നേരിട്ട് പ്രവൃത്തി നടപ്പാക്കി .

പ്രവൃത്തി നടപ്പിലാക്കുന്നതിനായി കരാർ വെച്ച 2021-22 വർഷ കാലയളവിലേക്ക് അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ച GO(P)77/2019 /Fin Dt04.07.2019 പ്രകാരം SILK (സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്) നെ Steel Structures, Electro Mechanical Works എന്നിവ PMC (Project Management Consultant) ആയി നടപ്പാക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ( Sl No 34 ) തുടർന്ന് 01.01.2022 ലെ ജി.ഒ(പി) 02/2022 പ്രകാരം അക്രഡിറ്റഡ് ഏജൻസികളുടെ കാലാവധി 31.03.2022 വരെ നീട്ടിയിട്ടുണ്ട്.

PMC ആയി അക്രഡിറ്റേഷൻ കിട്ടിയ സ്ഥാപനങ്ങൾ പ്രവൃത്തി നേരിട്ട് നടപ്പാക്കാൻ പാടില്ല. മറിച്ച് പ്രവൃത്തി പ്ലാൻ, ഡിസൈൻ , എസ്റ്റിമേറ്റ്, പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തൽ, ബില്ല് തയ്യാറാക്കൽ തുടങ്ങിയവയാണ് ചെയ്യേണ്ടത്. പ്രവൃത്തി നടത്തിപ്പ് സുതാര്യമായ ടെണ്ടർ നടപടികളിലൂടെ മറ്റ് കരാറുകാരെ ഏൽപിച്ച് നൽകുകയാണ് ചെയ്യേണ്ടത്.

പ്രവൃത്തിയുടെ ബില്ല് പ്രകാരമുള്ള പണം തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്കാണ് നൽകേണ്ടത്. അക്രഡിറ്റഡ് ഏജൻസിക്ക് സെന്റേജ് ചാർജ്ജ് മാത്രമാണ് അർഹതയുള്ളത്. ( GO(P) 67/2021/Fin Dt 28.04.2021 )

എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ പ്രൊജക്ടുകൾ പ്രകാരം പ്രവൃത്തി നടപ്പാക്കിയ SILK പ്രവൃത്തി നേരിട്ട് നടപ്പാക്കുകയും പണം മുഴുവനായും SILK നു നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

ഇത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

2) സർക്കാർ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടി സ്വീകരിച്ചില്ല .

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ GO(P) 67/2021/Fin Dt 28.04.2021 ഉത്തരവ് പ്രകാരം അംഗീകരിച്ചതാണ്. എന്നാൽ മേൽ പ്രൊജക്ടുകളുടെ നടത്തിപ്പിൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പ്രവൃത്തി നടപ്പാക്കിയത്.

. എസ്റ്റിമേറ്റ് പ്രൈസ് സോഫ്‌റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടില്ല ( Para 8.2 )

. പ്രവൃത്തി നടപ്പാക്കിയപ്പോൾ PWD മാന്വലിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല. (Para 12.1 & 14.1)

3) വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ വിവരം ലഭ്യമല്ല .

പ്രവൃത്തി നടപ്പാക്കുന്നതിന് SILK സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം (പ്രൈസ് സോഫ്റ്റ്‌വെയറിൽ അല്ല തയ്യാറാക്കിയത്) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും SILK ന്റെ ചുമതലയാണ്. വൈദ്യുതി കണക്ഷൻ ചാർജ്ജ് ആയി എസ്റ്റിമേറ്റിൽ കാണിച്ച തുക യഥാർത്ഥ റസീപ്റ്റ് ഹാജരാക്കുന്ന മുറക്കാണ് അനുവദിക്കേണ്ടത് എന്നും എസ്റ്റിമേറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രൊജക്ടുകൾ പ്രകാരം സ്ഥാപിച്ച 2 ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. കൂടാതെ വൈദ്യുതി കണക്ഷന് അടവാക്കിയ തുകയുടെ രശീതി ഹാജരാക്കാതെ തന്നെ ഇതിനുള്ള തുക കൂടി അനുവദിച്ച് നൽകുകയാണ് ചെയ്തത്.

2 മിനിമാസ്റ്റ് ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ കൺസ്യൂമർ നമ്പർ അടക്കമുള്ള രേഖകൾ, വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് പണം ഒടുക്കിയതിന്റെ രസീതികൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4) ലൈറ്റുകൾ സ്ഥാപിച്ചത് എവിടെയാണ് എന്ന് ഫയലിൽ വ്യക്തമല്ല.

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ലൈറ്റ് സ്ഥാപിച്ചതായ SILK ന്റെ കത്തിന്റെ അടിസ്ഥാനത്തിൽ പണം അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഇവ സ്ഥാപിച്ച സ്ഥലത്തിന്റെ യഥാർത്ഥ ലൊക്കേഷൻ ഫയലിൽ എവിടെയും രേഖപ്പെടുത്തിയിട്ടില്ല.

മേൽ പ്രൊജക്ടുകൾ പ്രകാരം സ്ഥാപിച്ച 2 ലൈറ്റുകളുടെയും ലൊക്കേഷൻ എവിടെയാണ് എന്ന് വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾ പരാമർശിച്ചും, ആവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാനും നിർദ്ദേശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (Enquiry 15/31.07.2023) മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അക്രഡിറ്റഡ് ഏജൻസി മുഖേന പ്രവൃത്തി നടപ്പാക്കിയതിനാലും, പ്രവൃത്തി നടപ്പാക്കിയതിൽ മേൽ പരാമർശിക്കപ്പെട്ട അപാകതകൾ ഉള്ളതിനാലും ചെലവ് തുക ₹192928 തടസ്സം ചെയ്യുന്നു.

സർക്കാർ അനുമതിക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പാക്കിയതിന് സർക്കാർ സാധൂകരണം നേടി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ഇലക്ട്രിക്കൽ പ്രവൃത്തി - അപാകതകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇലക്ട്രിക്കൽ പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സ.ഉ (സാ.ധാ) നം 2878/2015/ തസ്വഭവ തി.22.09.2015 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

1). തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്തു നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും PWD, KSEB എന്നിവിടങ്ങളിൽ നിന്ന് വിരമിച്ച യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ LSGD എക്സി .എഞ്ചിനീയർ തയ്യാറാക്കേണ്ടതാണ്

2). ഈ പാനലിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവ പ്രസ്തുത എഞ്ചിനീയറുടെ

ഉത്തരവാദിത്വമായിരിക്കും. പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ 3% ൽ കവിയാത്ത തുക പ്രതിഫലമായി എഞ്ചിനീയർക്ക് നൽകാവുന്നതുമാണ്.

3). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി, വർക്കുകളുടെ ചെക്ക് മെഷർമെന്റ് എന്നിവ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയർ കൺവീനറായി മൂന്നിൽ കുറയാതെയുള്ള PWD, KSEB എന്നിവിടങ്ങളിൽ നിന്ന് വിരമിച്ച യോഗ്യരായ എഞ്ചിനീയർമാർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്.

4). പ്രസ്തുത കമ്മിറ്റിയിലെ ഇലക്ട്രിക്കൽ എഞ്ചിനീയർമാർ പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തേണ്ടതും പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തേണ്ടതുമാണ്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സി.എഞ്ചിനീയർ സാങ്കേതിക അനുമതി നൽകേണ്ടതും ബില്ലിന് അനുമതി നൽകേണ്ടതുമാണ്. പാനൽ അംഗങ്ങൾക്ക് എസ്റ്റിമേറ്റിന്റെ 1% പ്രതിഫലമായി നൽകാവുന്നതുമാണ്. ഇപ്രകാരം പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങേണ്ടതുമാണ്.

2022-23 വർഷത്തിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ ഇലക്ട്രിക്കൽ പ്രവൃത്തിയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കുറിപ്പ് |
|---|---|---|---|
| 1 | വാർഡ് 6 വാർഡ് 10 വാർഡ് 7 മിനിമാസ്റ്റ് ലൈറ്റ് ( 320/22 ) | 375251<br>(345571/- - 22200244/ 11.07.2022<br>3200/- - 22200245/ 16.07.2022<br>16880/- - 22200245/ 11.07.2022<br>3200/- - 22200255/ 16.07.2022<br>3200/- - 22200256/ 16.07.2022<br>3168/- - 22200246/ 11.07.2022<br>32/- - Surcharge For Panchayat | പ്രവൃത്തി നടത്തിപ്പ് സാങ്കേതികാനുമതി ചെക്ക് മെഷർമെന്റ് എന്നിവയ്ക്കുള്ള ഫീസ് ₹ 16880 ശ്രീ അബൂബക്കർ സി കെ എന്നയാളുടെ അക്കൗണ്ടിലേക്ക് നൽകി. |

പ്രവൃത്തി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

- ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം എഞ്ചിനീയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.
- പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവക്കുള്ള (3%), പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള 1% ഓണറേറിയവും ഉൾപ്പെടെ 4% തുക സാങ്കേതികാനുമതി നൽകുന്നതിനുള്ള പാനലിൽ ഉൾപ്പെട്ട ശ്രീ അബൂബക്കർ സി കെ എന്നയാളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്.

എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക, പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, പ്രവൃത്തികളുടെ ചെക്ക്

മെഷർമെന്റ് നടത്തുക തുടങ്ങി ഒരു പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും സാങ്കേതികാനുമതിക്കായുള്ള പാനൽ തന്നെയാണ് നിർവഹിക്കുന്നത് എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവഹണം നടത്തുന്ന ഉദ്യോഗസ്ഥർ തന്നെ സാങ്കേതികാനുമതിയും ചെക്ക് മെഷർമെന്റും നടത്തുന്ന എന്നത് പദ്ധതി നടത്തിപ്പിന്റെ സുതാര്യതയെ ഇല്ലാതാക്കുന്നുണ്ട്. കൂടാതെ നിർവഹണോദ്യോഗസ്ഥനായ എഞ്ചിനീയർ താൻ നിർവഹണം നടത്തുന്ന പ്രൊജക്ടുകൾക്ക് ഒരു കാരണവശാലും അംഗീകാരമോ സാങ്കേതികാനുമതിയോ നൽകാൻ പാടില്ല എന്നും പദ്ധതി മാർഗ്ഗരേഖ GO (MS) 84/2022/LSGD Dt 19.04.2022 ഖണ്ഡിക 3.8.3(4) ൽ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തി പൂർത്തീകരിച്ചതായുള്ള മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയും, സുതാര്യമായ രീതിയിലല്ലാതെയും ഇലക്ട്രിക്കൽ പ്രവൃത്തി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/31.07.2023)മറുപടി ലഭ്യമാക്കിയില്ല.

## 1-24 ലൈബ്രറി സെസ്സ് തുക അടവാക്കൽ - കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ലൈബ്രറി സെസ്സ് തുക കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ / തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22200105/13.05.2022 | 2,45,956 | 2021-22 വർഷത്തെ രണ്ടാം അർദ്ധവാർഷിക ലൈബ്രറി സെസ്സ് തുക |
| 2 | 22200688/30.01.2023 | 98,383 | 2022-23 വർഷത്തെ ഒന്നാം അർദ്ധവാർഷിക ലൈബ്രറി സെസ്സ് തുക |

മേൽ തുകകളുടെ കൈപ്പറ്റ് രശീതികൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/02.08.2023) മറുപടി ലഭ്യമാക്കിയില്ല. കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 അസി.എഞ്ചിനീയർ രേഖകൾ പരിപാലിക്കുന്നതിൽ അപാകത

1. ക്യാഷ് ബുക്ക്

അസി. എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തനത് ഫണ്ടിൽ നിന്നുള്ള തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അസി. എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിൽ പണം വരവ് വരുന്നുണ്ട്. എന്നാൽ AE യുടെ പേരിലുള്ളബാങ്ക്/ ട്രഷറി അക്കൗണ്ടുകളിലെ വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. തനത് ഫണ്ടിൽ നിന്നുള്ള മുഴുവൻ വരവ് ചെലവുകളും ക്യാഷ് ബുക്കിൽ പ്രതിഫലിച്ചിട്ടില്ല. സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം തനത് ഫണ്ടിൽ നിന്നുള്ള ചെലവ് 1807257 രൂപയാണ്. എന്നാൽ 11,43,197 രൂപയുടെ ചെലവുകൾ മാത്രമാണ് ക്യാഷ് ബുക്കിൽ എൻട്രി വന്നിട്ടുള്ളത്.

2. 2022-23 കാലയളവിലെ കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ അസി. എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. കാഷ്ബുക്കിൽ ദൈനംദിന/പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.

2. എഗ്രിമെന്റ് രജിസ്റ്റർ

അസി എഞ്ചിനീയർ സൂക്ഷിച്ചിട്ടുള്ള എഗ്രിമെന്റ് രജിസ്റ്ററിൽ എഗ്രിമെന്റ് വെയ്ക്കുന്ന ഉദ്യോഗസ്ഥന്റെ പേര്, എഗ്രിമെന്റ് തിയതി, എസ്റ്റിമേറ്റ് തുക, കരാർ തുക, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തിയതി എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

നിർദ്ദിഷ്ട രീതിയിൽ രജിസ്റ്ററുകൾ പരിപാലിക്കാതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-22/1.8.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-26 ഫെസ്റ്റിവൽ അഡ്വാൻസ് - ക്രമീകരിക്കേണ്ടതാണ്

2022-23 വർഷത്തെ ഫെസ്റ്റിവൽ അഡ്വാൻസ് താഴെ പറയുന്ന വൗച്ചർ പ്രകാരം ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.

| ക്രമനമ്പർ | വൗച്ചർ നമ്പർ/ തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22200382/03.09.2022 | 105000 | 11 ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക |

അഡ്വാൻസ് തുകയിൽ ഈ കാര്യലയത്തിൽ നിന്നും ട്രാൻസ്ഫർ ആയിപ്പോയ ശ്രീ നിധിൻ എ , സീനിയർ ക്ലർക്കിന്റെ 12000/- രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ആയത് ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 32/02.08.2023)

## 1-27 മഴക്കാല പൂർവ്വ ശുചീകരണം- തുക പൂർണ്ണമായി ചെലവഴിച്ചില്ല

വാർഡ് തല സാനിറ്റേഷന് വേണ്ടി താഴെ പറയും പ്രകാരം തുക പി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തിയ്യതി / തുക | തുക |
|---|---|---|
| 1 | 22200115/20.05.22 | 2,10,000 |
| 2 | 22200226/20.05.2022 | 2,10,000 |

മേൽ തുക വാർഡ് തല ശുചിത്വ കമ്മറ്റി ചെലവഴിച്ചതിന്റെ വൗച്ചറുകൾ , ക്യാഷ് ബുക്ക് , ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ചതിൽ താഴെ കാണിച്ച വാർഡുകളുടെ വാർഡ് കമ്മറ്റികൾക്കായി നൽകിയ ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

| വാർഡ് നമ്പർ | പാസ്സ് ബുക്ക് പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|
| 2 | 34999 |
| 4 | 20000 |
| 13 | 20836 |
| 14 | 16000 |
| 15 | 10000 |
| 19 | 12692 |

മേൽ അക്കൗണ്ടുകളിൽ NRHM ഫണ്ടു കൂടി വരുന്നതിനാൽ മേൽ തുകകളിൽ വാർഡ് സാനിറ്റേഷനായി നൽകിയ ശുചിത്വ മിഷൻ ഫണ്ട് എത്രയാണെന്നതിൽ വ്യക്തതയില്ല. വാർഡ് സാനിറ്റേഷനായി നൽകുന്ന തുക അതാത് വർഷങ്ങളിൽ തന്നെ ചെലവഴിക്കേണ്ടതാണ് . അല്ലാത്ത പക്ഷം തുക തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 30/02.08.2023)

## 1-28 രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

| | |
|---|---|
| നിർവ്വഹണം | ഹെഡ്മിസ്ട്രസ് |
| അടങ്കൽ | 2,00,000 |
| പ്രോജക്ട് | രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം (നം.163/23) |
| ബിൽ നമ്പർ | 328/28.3.23 |
| ചെലവഴിച്ച തുക | 199675 ( തനത് ഫണ്ട്) |

മേൽ പ്രൊജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ 35രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് ക്വട്ടേഷൻ മുഖേന ഹെഡ്ക്കാ പന്തീരാങ്കാവ്

എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നമ്പർL-000138/26.3.23) സ്പോർട്സ് കിറ്റുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ്(കൈ)115/2022/ത.സ്വ.ഭ.വ തിയതി 28.5.22 ഖണ്ഡിക 7.7.2 പ്രകാരം വിതരണം ചെയ്യേണ്ട സ്പോർട്സ് ഉപകരണങ്ങൾ തെരെഞ്ഞെടുക്കേണ്ടത് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള യുവജന ക്ലബുകളുടെ ഏകോപന സമിതി ആയിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു.എന്നാൽ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനായി മേൽ ഏകോപന സമിതി ഇപ്രകാരം യോഗം ചേർന്നതിന്റെ രേഖകൾ ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല.രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/1.8.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.വിവരം പ്രഥമമറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-29 ലൈസൻസ് പിരിവിലും അപാകത

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന മനസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട അപേക്ഷകളിലൊന്നും മൂലധന നിക്ഷേപത്തിന്റെ കണക്ക് രേഖപ്പെടുത്തുകയോ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥലം പരിശോധിച്ച് അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തി അപേക്ഷകളുടെ കൃത്യത ഉറപ്പ് വരുത്തുകയോ ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 9/30.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 വസ്തു നികുതി പിരിവിലെ അപാകത

നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകത ചുവടെ കൊടുക്കുന്നു.

1.A5-1759/22 തീയതി 21.4.2022 പ്രകാരം മരക്കാർ കൊടിഞ്ഞി എന്ന വ്യക്തിക്ക് വാണിജ്യാവശ്യത്തിന് ചുവടെ കൊടുക്കും പ്രകാരം ബിൽഡിംഗ് നമ്പർ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ബിൽഡിംഗിന് അനുവദിച്ച നമ്പർ | ബിൽഡിംഗിന്റെ വിസ്തീർണ്ണം (സ്ക്വയർ മീറ്ററിൽ) |
|---|---|---|
| 1 | 20/152-B | 18.3 |
| 2 | 20/152-C | 18.3 |
| 3 | 20/152-D | 84.04 |
| 4 | 20/152-E | 49.1 |
| 5 | 20/152-F | 21.3 |
| 6 | 20/152-G | 21.3 |
| 7 | 20/152-H | 111.86 |
| ആകെ വിസ്തീർണ്ണം | | 324.2 |

എന്നാൽ ബിൽഡിംഗിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചപ്പോൾ ബിൽഡിംഗിന്റെ ഫ്ലോർ ഏരിയ ചുവടെ കൊടുക്കുംപ്രകാരമാണ്.

| ബിൽഡിംഗന്റ നില | ഫ്ലോർ ഏരിയ |
|---|---|
| ഗ്രൗണ്ട് ഫ്ലോർ | 156.74 |
| ഒന്നാം നില | 170.41 |
| ടെറസ് ഫ്ലോർ | 19.82 |
| ആകെ വിസ്തീർണ്ണം | 346.97 |

ബിൽഡിംഗ് നികുതി നിർണ്ണയിച്ചതിൽ 22.77 സ്ക്വയർ മീറ്റർ വിസ്തീർണ്ണത്തിന്റെ കുറവ് കാണുന്നു. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 10/30.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അധികമായി ഈടാക്കേണ്ട വസ്തുനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-31 സ്വകാര്യ ആശുപത്രികൾ രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.എന്നാൽ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ RP4 പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 800/- രൂപ മാത്രമാണ് വരവ് വന്നിട്ടുള്ളത്. എന്നാൽ സ്വകാര്യ ആശുപത്രികളുടേയും പാരാ മെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്റ്ററും തൊഴിൽനികുതി,ലൈസൻസ് തുടങ്ങിയ രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ എടുക്കാതെയോ, പുതുക്കാതെയോ കൂടുതൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടു.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | തെയ്യാല ഡെന്റൽ ക്ലിനിക് ,തെയ്യാല |
| 2 | ഇക്ര ഡെന്റൽ ക്ലിനിക് ,കുണ്ടൂർ |
| 3 | കെ.കെ മെഡിലാബ് തെയ്യാലിങ്ങൽ |
| 4 | ഡോ.അനൂപ് ടൂത്ത് കെയർ ക്ലിനിക്,തെയ്യാലിങ്ങൽ |
| 5 | കെയർ മെഡിസിറ്റി ക്ലിനിക്, പാണ്ടിമുറ്റം |
| 6 | എമ്മൻസ് വെൽനസ് ക്ലിനിക്,പാണ്ടിമുറ്റം |
| 7 | ഡോ.റുഫ്സാന ഡെന്റൽ ക്ലിനിക്,തെയ്യാല |
| 8 | ഡോ.ഷക്കീൽ ഡെന്റൽ ക്ലിനിക്,തെയ്യാല |
| 9 | മെഡികെയർ പോളിക്ലിനിക്&ലാബ്.തെയ്യാല |

സർക്കുലർ നം.47724/ഡി.സി.1/11/എൽ.എസ്.ജി.ഡി തീയതി 09/12/2012 പ്രകാരം ടി സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി ലഭ്യമാക്കേണ്ടതും രജിസ്ട്രേഷന് പുറമേ ലൈസൻസ് എടുക്കേണ്ടതും കെട്ടിടത്തിന്റെ സുരക്ഷിതത്വം,ശുചിത്വം എന്നിവ ഉറപ്പാക്കേണ്ടതുമാണ്. മേൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മറ്റ് സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങളും മേൽ ചട്ടം,സർക്കുലർ പ്രകാരമാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 11/30.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-32 തൊഴിൽ നികുതി പിരിവിലെ അപാകത

നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.ചുവടെ കൊടുത്ത സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടണുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക എത്രയുണ്ടെന്ന് കണക്കാക്കാൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി അടവാക്കാത്ത കാലയളവ് |
|---|---|---|

| | | |
|---|---|---|
| 1 | ബി.എസ്.എൻ.എൽ,കുണ്ടൂർ | I&II ഹാഫ് |
| 2 | കെയർ മെഡിസിറ്റി ക്ലിനിക്,പാണ്ടിമുറ്റം | I&II ഹാഫ് |
| 3 | മെഹർപ്ലാസ ഓഡിറ്റോറിയം,തെയ്യാല | I&II ഹാഫ് |
| 4 | എം.എൻ.എസ് വെൽനെസ് ക്ലിനിക്,പാണ്ടിമുറ്റം | I&II ഹാഫ് |
| 5 | ഇവാകോ ഫൂട്ട്കെയർ | I&II ഹാഫ് |
| 6 | ഡോ.അനൂപ് ടൂത്ത് കെയർ ക്ലിനിക്,തെയ്യാല | I&II ഹാഫ് |
| 7 | ട്വിൻ മെഡിസിറ്റി ഹോസ്പിറ്റൽ കൊടിഞ്ഞി | I&II ഹാഫ് |
| 8 | അക്ബർ ഓഡിറ്റോറിയം,ഫാറൂഖ് നഗർ | II ഹാഫ് |
| 9 | ഇക്ര ഡെന്റൽ ക്ലിനിക്,കുണ്ടൂർ | I&II ഹാഫ് |

മുകളിൽ പരാമർശിച്ച 2022-23 വർഷത്തിലെ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും പേര്, അർദ്ധ വാർഷിക വരുമാനം (റിട്ടേൺ) ലഭ്യമാക്കി. ആയത് പരിശോധിച്ച് ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

2.പഞ്ചായത്തിന്റെ സ്ഥാപന രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ കൊടുത്ത സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കണ്ടു.

| ക്രമ നമ്പർ | സ്ഥാപനം | സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത കാലയളവ് |
|---|---|---|
| 1 | നന്നമ്പ്ര സർവ്വീസ് കോപറേറ്റീവ് ബാങ്ക് | I&II ഹാഫ് |
| 2 | ബി.എസ്.എൻ.എൽ,കുണ്ടൂർ | I&II ഹാഫ് |
| 3 | ഐ.ഇ.സി ഹയർസെക്കണ്ടറി സ്കൂൾ,കൊടിഞ്ഞി | I&II ഹാഫ് |
| 4 | എം.എസ്.ഐ.എച്ച്.എസ്.എസ്,കുണ്ടൂർ | I&II ഹാഫ് |
| 5 | ഡി.ടി.ജി.ഒ ഹൈസ്കൂൾ,കുണ്ടൂർ | I&II ഹാഫ് |
| 6 | കെയർ മെഡിസിറ്റി ക്ലിനിക്,പാണ്ടിമുറ്റം | I&II ഹാഫ് |
| 7 | തെയ്യാല ഡെന്റൽ ക്ലിനിക് | I&II ഹാഫ് |
| 8 | ഇവാകോ ഫൂട്ട്കെയർ | I&II ഹാഫ് |
| 9 | മെഹർപ്ലാസ ഓഡിറ്റോറിയം,തെയ്യാല | I&II ഹാഫ് |
| 10 | പി.എം.എസ്.ടി ആർട്സ്&സയൻസ് കോളേജ്,കുണ്ടൂർ | I&II ഹാഫ് |
| 11 | എം.എൻ.എസ് വെൽനെസ് ക്ലിനിക്,പാണ്ടിമുറ്റം | I&II ഹാഫ് |
| 12 | ഡോ.അനൂപ് ടൂത്ത് കെയർ ക്ലിനിക്,തെയ്യാല | I&II ഹാഫ് |
| 13 | സരസ്വതി വിദ്യാ നികേതൻ, | I&II ഹാഫ് |

| | | |
|---|---|---|
| 14 | ട്വിൻ മെഡിസിറ്റി ഹോസ്പിറ്റൽ കൊടിഞ്ഞി | I&II ഹാഫ് |
| 15 | അക്ബർ ഓഡിറ്റോറിയം,ഫാറൂഖ് നഗർ | I&II ഹാഫ് |
| 16 | നീതി മെഡിക്കൽ ഡയഗ്ണോസ്റ്റിക് സെന്റർ,തെയ്യാല | I&II ഹാഫ് |
| 17 | നീതി മെഡിക്കൽ ഡയഗ്ണോസ്റ്റിക് സെന്റർ,തെയ്യാല | I&II ഹാഫ് |
| 18 | മെഡികെയർ പോളിക്ലിനിക്&ലാബ് | I&II ഹാഫ് |
| 19 | ഇക്ര ഡെന്റൽ ക്ലിനിക്,കുണ്ടൂർ | I&II ഹാഫ് |
| 20 | കെ.കെ മെഡി ലാബ്,തെയ്യാല | I&II ഹാഫ് |

മേൽ സ്ഥാപനങ്ങൾ 1996 ലെ കേരള ഗ്രാമ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 4(എ) പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ ആയതിന്റെയും ചട്ടം (6) അടിസ്ഥാനത്തിൽ തൊഴിൽ നികുതി അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.

3. ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായ അഭിഭാഷകർ,സ്വകാര്യ ഡോക്ടർമാർ,മറ്റ് പ്രൊഫഷനലുകൾ,വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ,ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ,സൂപ്പർവൈസർമാർ,വാഹന ഉടമകൾ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

4.ലൈസൻസ് രജിസ്റ്റർ പ്രകാരം മാവേലി സ്റ്റോർ വെള്ളിയാമ്പുറം എന്ന സ്ഥാപനത്തിൽ 3 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം സ്ഥാപനത്തിൽ ഒരു ജീവനക്കാരൻ മാത്രമാണ് ജോലി ചെയ്യുന്നത്. അപാകതകയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.
5. ലൈസൻസ് അപേക്ഷ പ്രകാരം ചുവടെ കൊടുത്ത സ്ഥാപനങ്ങളിൽ കൂടുതൽ ജോലിക്കാർ ജോലി ചെയ്യുന്നുണ്ടെങ്കിലും ആയവരിൽ നിന്ന് ചട്ട പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല എന്ന് ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | കടയുടമയുടെ പേര് | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 23 | മുഹമ്മദലി.ഇ.പി | റെഡിമെയ്ഡ് ഉണിത്തരങ്ങൾ നിർമ്മാണം | 12 |
| 8 | മുഹമ്മദ് ഷഫീഖ് | പെട്രോൾ പമ്പ് | 8 |
| 21 | മുഹമ്മദ്ഷാഫി | എൻ.വി.പി പെട്രോളിയം ഏജൻസി | 6 |
| 161 | നൗഷാദ് | താനൂർ നോബിൾ ടൈൽസ് | 6 |
| 214 | സുലൈമാൻ | സ്റ്റീൽ നിർമ്മിത ഹോട്ടൽ ഉപകരണങ്ങളുടെ നിർമ്മാണം | 4 |
| 24 | നിഷാദ് | യൂണിയൻ ബിൽഡിംഗ് മാർട്ട് | 4 |

തൊഴിൽ നികുതി വരുമാന പത്രികകളിലെ രേഖപ്പെടുത്തലുകളുടെ (വരുമാനം,ജീവനക്കാരുടെ എണ്ണം Etc) ആധികാരികത, കൃത്യത മുതലായവ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് ഗ്രാമ പഞ്ചായത്ത് കൈകൊള്ളുന്ന നടപടികൾ വിശദമാക്കേണ്ടതാണ്.അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 12/30.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-33 മൊബൈൽ ടവർ-നികുതി പിരിവിലെ അപാകത

പഞ്ചായത്തിലെ മൊബൈൽ ടവറുകൾക്കുള്ള വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ 3 മൊബൈൽ ടവറുകളാണ് പഞ്ചായത്ത് പരിധിയിൽ ഉള്ളത്. പ്രസ്തുത രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പട്ടികയിൽ കൊടുത്ത ടവറുകളുടെ വസ്തു നികുതി ഓരോ ടവറുകൾക്ക് നേരേയും കാണിച്ചിട്ടുള്ള കാലയളവിൽ കുടിശ്ശികയാണ് എന്ന് കണ്ടു.

| ക്രമ.നം | ഡോർ നമ്പർ | മൊബൈൽ കമ്പനി/ഉടമ | കാലയളവ് | ആകെ കുടിശ്ശിക(L.C,S.C ഉൾപ്പെടെ) |
|---|---|---|---|---|
| 1 | 11/123 | ജി.പി കൃഷ്ണ പ്രസാദ് | 2019 II Half-2022 II Half | 36521/- |
| 2 | 13/526 | കെ.എസ് ഗുരുമൂർത്തി | 2021 I Half-2022 II Half | 17149/- |

1994ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റിലെ വകുപ്പ് 209(ഇ) പ്രകാരം നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ട തീയതിയിൽ നൽകാത്ത പക്ഷം പ്രതിമാസം ഒരു ശതമാനം നിരക്കിൽ പിഴ സഹിതം വസൂലാക്കേണ്ടതാണ്. മേൽ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി പിഴ സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 13/30.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-34 മരുന്നു മുഴുവനും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം നടത്തിയ, താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ എം എസ് സി എല്ലിന് മുൻകൂറായി തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെയും കെ എം എസ് സി എല്ലിൽ നിന്നും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1.പ്രൊജക്റ്റിന്റെപേര്&നം : പരിരക്ഷാ പദ്ധതി (13/23)

അടങ്കൽ : 8 ലക്ഷം

ആകെ ചെലവ് 730770/-

ഈ പദ്ധതി പ്രകാരം പരിരക്ഷാ രോഗികൾക്കുള്ള മരുന്ന് വാങ്ങുന്നതിന് വേണ്ടി ബിൽ നം. 17/14.12.22 പ്രകാരം പിൻവലിച്ച 250000 രൂപയിൽ 175172 രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| മരുന്നുകൾ ലഭിച്ചതിന്റെ ഇൻവോയ്സ് നം &തീയതി | തുക | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകളുടെ തുക |
|---|---|---|
| 23733/24.1.23 | 7608 | |
| 24076/271.23 | 2339 | 74828 |
| 24677/13.2.23 | 14011 | |
| 24726/13.2.23 | 350 | |
| 25599/27.2.23 | 464 | |

| | | |
|---|---|---|
| 27454/23.3.23 | 2218 | |
| 27939/28.3.23 | 1478 | |
| 27256/20.3.23 | 37212 | |
| 2269/6.5.23 | 2512 | |
| 4312/19.5.23 | 4162 | |
| 5875/25.5.23 | 19400 | |
| 5896/25.5.23 | 21291 | |
| 7580/3.6.23 | 4269 | |
| 10208/21.6.23 | 28962 | |
| 11375/4.7.23 | 28896 | |
| ആകെ | 175172 | |

2.കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ (203/23)

അടങ്കൽ :7ലക്ഷം/-MG (റോഡിതരം )

ആകെ ചെലവ് :7ലക്ഷം/-

ബിൽ നം. 18/17.11.21 പ്രകാരം പിൻവലിച്ച 7ലക്ഷം രൂപയിൽ 387412 രൂപയുള്ള മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| മരുന്നുകൾ ലഭിച്ചതിന്റെ ഇൻവോയ്സ് നം &തീയതി | തുക | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകളുടെ തുക |
|---|---|---|
| 24003/27.1.23 | 28224 | 312588 |
| 24682/13.2.23 | 30800 | |
| 26571/9.3..23 | 37212 | |
| 27414/23.3.23 | 74424 | |
| 27425/23.3.23 | 38640 | |
| 27753/27.3.23 | 13709 | |
| 27847/28.3.23 | 34272 | |
| 27943/5.4.23 | 24640 | |
| 430/17.5.23 | 8220 | |
| 3890/27.1.23 | 32912 | |
| 24003/25.5.23 | 2408 | |
| 5878/21.6.23 | 7896 | |
| 10204/27.1.23 | 41720 | |
| 11370/4.7.23 | 12335 | |
| ആകെ | 387412 | |

3.പ്രൊജക്ടിന്റെപേര്&നം :കിഡ്നി രോഗികൾക്ക് മരുന്നു വാങ്ങൽ (13/23)/21-22)

അടങ്കൽ :500000/- (MG റോഡിതരം)

ചെലവ് 499956/-

മേൽ പ്രൊജക്ടിനു വേണ്ടി ബിൽ നം. 17/14.12.22 പ്രകാരം പിൻവലിച്ച 499956 രൂപയിൽ 178418 രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്.ലഭ്യമാക്കാൻ അവശേഷിയ്ക്കുന്നവയുടെ വിവരം താഴെ ചേർക്കുന്നു.

| മരുന്നുകൾ ലഭിച്ചതിന്റെ ഇൻവോയ്സ് നം &തീയതി | തുക | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകളുടെ തുക |
|---|---|---|
| 13011/15.7.23 | 70560 | 321538 |
| 6223/26.5.23 | 45158 | |

| | |
|---|---|
| 3868/17.5.23 | 5479 |
| 24502/1.2.23 | 57221 |
| ആകെ | 178418 |

അവശേഷിയ്ക്കുന്ന 708954 രൂപയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/30.7.23 ന് ലഭ്യമാക്കിയ മറുപടിയിൽ മൂന്ന പ്രൊജക്ടുകളിലും കൂടി 192774 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമായതായി അറിയിച്ചിട്ടുണ്ട്. ലഭ്യമായ മരുന്നുകളുടെ സ്റ്റോക്കിലെടുത്തതിന്റെ വിവരവും ഇനിയും ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന 516180 രൂപയുടെ മരുന്ന് ലഭ്യമാക്കി ആയതിന്റെ സ്റ്റോക്ക് സഹിതമുള്ള വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-35 റോഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി- 30147 രൂപയുടെ അധികച്ചെലവ്

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

താഴെ പറയുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തിട്ടുള്ളതിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള 8358.30/m3 (MORD-2016, C I 36.44%) എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ ടി- പ്രവൃത്തികൾ നടത്തിയ സൈറ്റുകൾ 31-7-23 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ ടി പ്രവൃത്തികളിൽ ക്രമ നം.2,3,4 എന്നിവയ്ക്ക് സൈഡ് ഷട്ടറിംഗിന്റെ ആവശ്യകതയില്ലെന്നും അത് കൊണ്ട് തന്നെ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്നും ക്രമ നം.1 ലെ പ്രവൃത്തിക്ക് ഭാഗികമായി മാത്രം സൈഡ് ഷട്ടറിംഗ് നടത്തിയിട്ടുള്ളുവെന്നും ബോധ്യപ്പെട്ടു. സൈഡ് ഷട്ടറിംഗ് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 8036.83/m3 രൂപയാണ് അനുവദിക്കാവുന്നത്. ആയതിന് പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി താഴെ പറയും പ്രകാരം 30147 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| 1 M3 ന് അധികം നൽകിയത് | |
|---|---|
| MORD 2016,Cost Index 36.44% പ്രകാരം | 8358.30-8036.83 = 321.47 രൂപ |

| ക്രമ നം. | പദ്ധതി വിശദാംശങ്ങൾ | ചെയ്ത അളവ് | അധികം നൽകിയ തുക |
|---|---|---|---|
| 1 | തയ്യിൽ മുഹമ്മദ് സ്മാരക മുല്ല റോഡ് കോൺക്രീറ്റിംഗ്, (56/23)<br>അടങ്കൽ: 400000 രൂപ ( സി.എഫ്.സി)<br>കരാറുകാരൻ: ശ്രീ നവാസുദ്ധീൻ. കെ<br>കരാർ: 58/21-22/4.2.2022 | 31.882 M3 | 31.882 M3x321.47 =10249 രൂപ<br>(+) 12% GST: = 1230<br>ആകെ: 11479 രൂപ<br>കുറിപ്പ്: കോൺക്രീറ്റ് ചെയ്ത റോഡിന്റെ ആകെ നീളം- 87.40 M; അതിൽ ഒരു ഭാഗം മുഴുവനായും സൈഡ് ഷട്ടറിംഗ് ചെയ്തിട്ടില്ല. അതായത് 50% ചെയ്തിട്ടില്ല.<br>ആയതിനാൽ അധികം നൽകിയ തുക |

| | | | |
|---|---|---|---|
| | ചെലവ്: 379582 രൂപ<br>ബിൽ നമ്പർ- 10/13.7.2022<br>അളവ് പുസ്തകം: 116/20-21<br>അളവെടുത്ത തീയതി: 16.3.2022<br>MORD-2016, C I 36.44% | | 50% ആയി പരിമിതപ്പെടുത്തിയത്:<br>11479 X 50% = 5740രൂപ |
| 2 | പാറയിൽ വട്ടപ്പറമ്പ് തോട്ടുങ്ങൾ റോഡ് റീകോൺക്രീറ്റിംഗ്, (109/23)<br>അടങ്കൽ: 200000 രൂപ ( എം.ജി.(നോൺ റോഡ്))<br>കരാറുകാരൻ: ശ്രീ സമീർ. പി,<br>കരാർ: 48/22-23/14.2.2023<br>ചെലവ്: 199722 രൂപ<br>ബിൽ നമ്പർ- 41/28.3.2023<br>അളവ് പുസ്തകം: E M Book (നം.77627)<br>അളവെടുത്ത തീയതി: 21.3.2023<br>MORD-2018,C I 36.44% | 20.250 M3 | 20.250 M3x321.47 =6510 രൂപ<br>(+) 18% GST: = 1172<br>ആകെ: 7682 രൂപ |
| 3 | കോണാപാട്ട് മൂത്തേടത്ത് റോഡ് കോൺക്രീറ്റിംഗ്, (144/23)<br>അടങ്കൽ: 350000 രൂപ ( തനത്- 150000, ബ്ലോക്ക് വിഹിതം-200000))<br>കരാറുകാരൻ: ശ്രീ സമീർ. പി,<br>കരാർ: 49/22-23/14.2.2023<br>ചെലവ്: 338409 രൂപ<br>ബിൽ നമ്പർ- 46/28.3.2023, 200000 രൂപ<br>ചെക്ക് നമ്പർ- 3675329/22.4.2023,<br>138409 രൂപ<br>അളവ് പുസ്തകം: E M Book (നം.48212)<br>അളവെടുത്ത തീയതി: 16.3.2023<br>MORD-2018,C I 36.44% | 31.042 M3 | 31.042 M3x321.47 =9979രൂപ<br>(+) 18% GST: = 1796<br>ആകെ: 11775 രൂപ |
| 4 | എൻ.എൻ.എസ്. | 13.050 | 13.050 M3x321.47 =4195രൂപ |

| | | | |
|---|---|---|---|
| | കാച്ചീരിപള്ളിയിൽ റോഡ് കോൺക്രീറ്റിംഗ്, (142/23)<br>അടങ്കൽ: 150000 രൂപ ( തനത് ഫണ്ട് )<br>കരാറുകാരൻ: ശ്രീ . മുഹമ്മദാലി. വി.വി.<br>കരാർ: 07/22-23/18.1.2023<br>ചെലവ്: 149547 രൂപ<br>ചെക്ക് നമ്പർ- 2047786/25.3.2023,<br>149547 രൂപ<br>അളവ് പുസ്തകം: E M Book (നം.60902)<br>അളവെടുത്ത തീയതി: 13.3.2023<br>MORD-2018,C I 36.44%,GST-18%) | M3 | (+) 18% GST: = 755<br>ആകെ: 4950രൂപ |
| | | ആകെ | 30147 |

സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തിക്ക് ആയത് ഉൾപ്പെടെയുള്ള നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 24/1.8.2023 നുള്ള മറുപടിയിൽ എസ്റ്റിമേറ്റിൽ സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും തുടർ വർഷങ്ങളിൽ ഷട്ടറിംഗ് ഒഴിവാക്കിയുള്ള റേറ്റ് ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണെന്നും അറിയിച്ചു. എന്നാൽ അധിക നിരക്ക് നൽകിയതിന് ടി മറുപടി അംഗീകരിക്കാനാവില്ല. അധികം നൽകിയ 30147 രൂപ മേൽ പ്രവൃത്തികളുടെ അളവെടുത്ത അസി.എഞ്ചിനീയറുടേയും ചെക്ക് മെഷർ ചെയ്ത അസി.എക്സി. എഞ്ചിനീയറുടേയും ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-36 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയില്ല- ജി.എസ്.ടി. അധിക നിരക്കിൽ നൽകുക വഴി അധികച്ചെലവ് വന്നു.

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടുന്നതിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥന്റ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൻമേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

എന്നാൽ കരാർ കാലയളവിൽ പൂർത്തീകരിക്കാത്ത ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളിൽ പിഴ ഈടാക്കിയിട്ടില്ല. മാത്രമല്ല 18.7.22 ന് ശേഷം ബിൽ തുക നൽകിയതിനാൽ 18 ശതമാനം ജി.എസ്.ടി. കൂട്ടി നൽകേണ്ടി വരികയും ചെയ്തു . ഇക്കാരണത്താൽ പ്രവൃത്തിക്ക് അധികച്ചെലവ് വരാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി | ജി.എസ്.ടി. ഇനത്തിൽ അധികച്ചെലവ് വന്ന തുക (6 ശതമാനം) | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ആയുർവ്വേദ ഡിസ്പെൻസറി ടോയ്‌ലറ്റ് റിപ്പയർ (184/22)<br>ടി.എസ്. 70000<br>ടി.എസ്. നം.61669/2021-22<br>കരാറുകാരൻ. ശ്രീ. മുത്തു. പി.<br>പി.എ.സി- 62194<br>എഗ്രിമെന്റ് നം.11/AE /LSGD/NBRA/21-22/21.12.21<br>ബിൽ നമ്പർ- 30/20.3.2023, 33299 രൂപ<br>സൈറ്റ് എറ്റെടുത്തത്- 21.12.2021<br>എം.ബുക്ക് നമ്പർ-- 210/21-22,<br>212/21-22<br>Duration- 6 Months (As Per TS Slip) | 20.6.2022 | 16.2.2023 | 1693 | 2654<br>[le, 21.6.2022 To 20.9.2022 (1%PAC)= 622<br>21.9.21 To 20.12.2022 (2% PAC)= 1244<br>21.12.2022 To 15.2.2023 (2%PAC)*57/90= 788 |
| 2 | പി.എച്ച്.സി. ടോയ്‌ലറ്റ് നിർമ്മാണം (55/23)<br>അടങ്കൽ-200000 (സി.എഫ്.സി)<br>ടി.എസ്. 117000<br>ടി.എസ്.നം.38347/2021-22, DSR-2016, Cost Index-31.06<br>കരാറുകാരൻ. ശ്രീ. നവാസുദ്ധീൻ. കെ. (9% Above)<br>പി.എ.സി- 103875<br>എഗ്രിമെന്റ 50/AE/LSGD /NBRA/21-22/27.12.2021<br>ബിൽ. നം. 31/ 20.3.2023, 80483 രൂപ<br>സൈറ്റ് ഏറ്റെടുത്തത് -27.12.2021<br>എം.ബുക്ക് നമ്പർ-- 209/21-22<br>Duration- 6 Months (As Per TS Slip) | 26.6.2022 | 14.2.2023 | 4092 | 4247<br>[le, 27.6.2022 To 26.9.2022 (1%PAC)= 1038.75<br>27.9.21 To 26.12.2022 (2% PAC)= 2077.50<br>27.12.2022 To 13.2.2023 (2%PAC)*49/90= 1131.08 |
| 3 | മണ്ണിൽ പാലറമ്പ് റോഡ്കോൺക്രീറ്റിംഗ് (36/23)<br>ടി.എസ്. 50000 | 26.6.2020 | 15.9.2022 | 2797 | 389<br>[le, 27.6.2022 To 15.9.2022 |

| | | | | | |
|---|---|---|---|---|---|
| | ടി.എസ്. നം. 35849/2021-22<br>കരാറുകാരൻ. ശ്രീ. മുത്തു. പി.<br>പി.എ.സി- 44138<br>എഗ്രിമെന്റ 35/AE/LSGD /NBRA/21-22/27.12.2021<br>ചെക്ക് നമ്പർ- 4423238/21.11.2022<br>സൈറ്റ് ഏറ്റെടുത്തത് -27.12.2021<br>എം.ബുക്ക് നമ്പർ--114/20-21<br>Duration- 6 Months (ടി.എസ്. സ്ലിപ്പ് പ്രകാരം) | | | | (1%PAC)*8/92= 389 |
| | ആകെ | | | 8582 | 7290 |

കരാർ കാലയളവിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ പിഴ ഈടാക്കാതിരുന്നതിനാലും 18 ശതമാനം ജി.എസ്.ടി. കൂട്ടി നൽകേണ്ടി വന്നതിനാലും പ്രവൃത്തിക്ക് അധികച്ചെലവ് വന്നു. ഇക്കാര്യം ശ്രദ്ധയിൽപെടുത്തി 25/1.8.2023 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് പിഴ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകി.

പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-37 ദീർഘ വീക്ഷണമില്ലാതെ റോഡ് നിർമ്മാണം - പുതുതായി നിർമ്മിച്ച കോൺക്രീറ്റ് റോഡുകൾ പോലും കീറിമുറിക്കേണ്ടി വന്നു.

ജലജീവൻ മിഷൻ കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടി നന്നമ്പ്ര ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി പഞ്ചായത്തിന്റെ അധീനതയിലുള്ള ഗ്രാമീണ റോഡുകൾ മിക്കതും കീറി മുറിച്ച അവസ്ഥയിലാണുള്ളത്.പൊളിഞ്ഞ റോഡുകൾ പുനസ്ഥാപിക്കാത്തതിനാൽ അപകടം പതിയിരിക്കുന്ന കിടങ്ങുകളായി റോഡുകൾ രൂപാന്തരപ്പെട്ടിരിക്കുന്നു. ആയത് പൂർവ്വസ്ഥിതിയിലാക്കുന്നതിന്ഗ്രാമ പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യത വരുന്ന അവസ്ഥയാണുള്ളത്. റോഡുകൾ കീറി മുറിക്കുന്നതിന് മുമ്പ് വാട്ടർ അതോറിറ്റിയുമായി ഗ്രാമ പഞ്ചായത്ത് കരാർ ചമച്ചതായോ കരാർ ഉടമ്പടിയിൽ റോഡ് റീഫോർമേഷനെ കുറിച്ച് പരാമർശിച്ചതായോ വിവരമില്ല. 2023 വർഷത്തിൽ നിർമ്മാണം/ മെയിന്റനൻസ് നടത്തിയ റോഡുകൾ പോലും കീറി മുറിച്ചതായി 31.7.2023 ന് എൽ.എസ്.ജി.ഡി. ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ കാണപ്പെട്ടു.

ഉദാ-

| പ്രവൃത്തിയുടെ പേര് | പ്രവൃത്തി പൂർത്തീകരിച്ച തിയതി | ചെലവഴിച്ച തുക |
|---|---|---|
| കോണോപാട്ട് മൂത്തേടത്ത് റോഡ് കോൺക്രീറ്റിംഗ് | 21.3.2023 | 199722 |
| എൻ.എസ്.എസ്. കാച്ചീരിപള്ളിയാലി റോഡ് കോൺക്രീറ്റിംഗ് | 13.3.2023 | 149547 |

വ്യക്തമായ ആസൂത്രണമോ ദീർഘ വീക്ഷണമോ ഇല്ലാതെയാണ് ടി റോഡുകളിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതെന്ന് കാണുന്നു. ജലജീവൻ മിഷൻ കുടിവെള്ള പദ്ധതിക്ക് വേണ്ടി റോഡുകൾ കീറിമുറിക്കേണ്ട സാഹചര്യം മുൻകൂട്ടി കാണേണ്ടതായിരുന്നു. പൈപ്പ് ലൈൻ സ്ഥാപിച്ചതിന് ശേഷം ടി- പ്രവൃത്തികൾ നടത്തിയിരുന്നവെങ്കിൽ ഈ അനാവശ്യച്ചെലവ് ഒഴിവാക്കാമായിരുന്നു. വികസന സ്റ്റാൻറിംഗ് കമ്മറ്റി റോഡുകളുടെ ശോചനീയാവസ്ഥ യഥാസമയം വിലയിരുത്തുകയോ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ/ ശുപാർശകൾ ഭരണ സമിതിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല . റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് അധികച്ചെലവ് വരുന്ന കാര്യവും മേൽ ചെലവ് ജല ജീവൻ പദ്ധതിയുടെ പരിധിയിൽ വരുന്നതാണെന്നുമുള്ള വസ്തുത

യഥാസമയം വാട്ടർ അതോറ്റിയെ അറിയിച്ചിട്ടില്ല. ഇക്കാര്യത്തിലുള്ള നടപടി വിവരം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 33/1.8.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിൽ റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള വിഹിതം കൂടി ഉൾപ്പെടുത്തിയിട്ടുള്ളതായി എക്സിറ്റ് മീറ്റിംഗിൽ പ്രസിഡണ്ട് അറിയിച്ചു.

റോഡുകൾ വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്വത്തിൽ പൂർവ്വ സ്ഥിതിയിലാക്കി പൊതു ജനത്തിനുണ്ടാകുന്ന ദുരിതം ഒഴിവാക്കുന്നതിന് ത്വരിത നടപടികൾ സ്വീകരിക്കേണ്ടതും പൊതു പണം ചെലവാക്കുമ്പോൾ കൂടുതൽ ജാഗ്രത കാണിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി- 30147 രൂപയുടെ അധികച്ചെലവ്

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

താഴെ പറയുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തിട്ടുള്ളതിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള 8358.30/m3 (MORD-2016, C I 36.44%) എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ ടി- പ്രവൃത്തികൾ നടത്തിയ സൈറ്റുകൾ 31-7-23 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ ടി പ്രവൃത്തികളിൽ ക്രമ നം.2,3,4 എന്നിവയ്ക്ക് സൈഡ് ഷട്ടറിംഗിന്റെ ആവശ്യകതയില്ലെന്നും അത് കൊണ്ട് തന്നെ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്നും ക്രമ നം.1 ലെ പ്രവൃത്തിക്ക് ഭാഗികമായി മാത്രം സൈഡ് ഷട്ടറിംഗ് നടത്തിയിട്ടുള്ളുവെന്നും ബോധ്യപ്പെട്ടു. സൈഡ് ഷട്ടറിംഗ് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 8036.83/m3 രൂപയാണ് അനുവദിക്കാവുന്നത്. ആയതിന് പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി താഴെ പറയും പ്രകാരം 30147 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| 1 M3 ന് അധികം നൽകിയത് | |
|---|---|
| MORD 2016,Cost Index 36.44% പ്രകാരം | 8358.30-8036.83 = 321.47 രൂപ |

| ക്രമ നം. | പദ്ധതി വിശദാംശങ്ങൾ | ചെയ്ത അളവ് | അധികം നൽകിയ തുക |
|---|---|---|---|
| 1 | തയ്യിൽ മുഹമ്മദ് സ്മാരക മുല്ല റോഡ് കോൺക്രീറ്റിംഗ്, (56/23)<br>അടങ്കൽ: 400000 രൂപ ( സി.എഫ്.സി)<br>കരാറുകാരൻ: ശ്രീ നവാസുദ്ധീൻ. കെ<br>കരാർ: 58/21-22/4.2.2022<br>ചെലവ്: 379582 രൂപ<br>ബിൽ നമ്പർ- 10/13.7.2022<br>അളവ് പുസ്തകം: 116/20-21<br>അളവെടുത്ത തീയതി: | 31.882 M3 | 31.882 M3x321.47 =10249 രൂപ<br>(+) 12% GST: = 1230<br>ആകെ: 11479 രൂപ<br>കുറിപ്പ്: കോൺക്രീറ്റ് ചെയ്ത റോഡിന്റെ ആകെ നീളം- 87.40 M; അതിൽ ഒരു ഭാഗം മുഴുവനായും സൈഡ് ഷട്ടറിംഗ് ചെയ്തിട്ടില്ല. അതായത് 50% ചെയ്തിട്ടില്ല.<br>ആയതിനാൽ അധികം നൽകിയ തുക 50% ആയി പരിമിതപ്പെടുത്തിയത്:<br>11479 X 50% = 5740രൂപ |

| | | | | |
|---|---|---|---|---|
| | 16.3.2022<br>MORD-2016, C I 36.44% | | | |
| 2 | പാറയിൽ വട്ടപ്പറമ്പ് തോട്ടുങ്ങൾ റോഡ് റീകോൺക്രീറ്റിംഗ്, (109/23)<br>അടങ്കൽ: 200000 രൂപ ( എം.ജി.(നോൺ റോഡ്))<br>കരാറുകാരൻ: ശ്രീ സമീർ. പി,<br>കരാർ: 48/22-23/14.2.2023<br>ചെലവ്: 199722 രൂപ<br>ബിൽ നമ്പർ- 41/28.3.2023<br>അളവ് പുസ്തകം: E M Book (നം.77627)<br>അളവെടുത്ത തീയതി: 21.3.2023<br>MORD-2018,C I 36.44% | 20.250 M3 | 20.250 M3x321.47 =6510 രൂപ<br>(+) 18% GST: = 1172<br>ആകെ: 7682 രൂപ | |
| 3 | കോണാപാട്ട് മൂത്തേടത്ത് റോഡ് കോൺക്രീറ്റിംഗ്, (144/23)<br>അടങ്കൽ: 350000 രൂപ ( തനത്- 150000, ബ്ലോക്ക് വിഹിതം-200000))<br>കരാറുകാരൻ: ശ്രീ സമീർ. പി,<br>കരാർ: 49/22-23/14.2.2023<br>ചെലവ്: 338409 രൂപ<br>ബിൽ നമ്പർ- 46/28.3.2023, 200000 രൂപ<br>ചെക്ക് നമ്പർ- 3675329/22.4.2023,<br>138409 രൂപ<br>അളവ് പുസ്തകം: E M Book (നം.48212)<br>അളവെടുത്ത തീയതി: 16.3.2023<br>MORD-2018,C I 36.44% | 31.042 M3 | 31.042 M3x321.47 =9979രൂപ<br>(+) 18% GST: = 1796<br>ആകെ: 11775 രൂപ | |
| 4 | എൻ.എൻ.എസ്. കാച്ചീരിപള്ളിയിൽ റോഡ് കോൺക്രീറ്റിംഗ്, (142/23)<br>അടങ്കൽ: 150000 രൂപ ( തനത് ഫണ്ട്)<br>കരാറുകാരൻ: ശ്രീ . | 13.050 M3 | 13.050 M3x321.47 =4195രൂപ<br>(+) 18% GST: = 755<br>ആകെ: 4950രൂപ | |

| | | | |
|---|---|---|---|
| | മുഹമ്മദാലി. വി.വി.<br>കരാർ: 07/22-23/18.1.2023<br>ചെലവ്: 149547 രൂപ<br>ചെക്ക് നമ്പർ- 2047786/25.3.2023,<br>149547 രൂപ<br>അളവ് പുസ്തകം: E M Book (നം.60902)<br>അളവെടുത്ത തീയതി: 13.3.2023<br>MORD-2018,C l 36.44%,GST-18%) | | |
| | | ആകെ | 30147 |

സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തിക്ക് ആയത് ഉൾപ്പെടെയുള്ള നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 24/1.8.2023 നുള്ള മറുപടിയിൽ എസ്റ്റിമേറ്റിൽ സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും തുടർ വർഷങ്ങളിൽ ഷട്ടറിംഗ് ഒഴിവാക്കിയുള്ള റേറ്റ് ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണെന്നും അറിയിച്ചു. എന്നാൽ അധിക നിരക്ക് നൽകിയതിന് ആ മറുപടി അംഗീകരിക്കാനാവില്ല. അധികം നൽകിയ 30147 രൂപ മേൽ പ്രവൃത്തികളുടെ അളവെടുത്ത അസി.എഞ്ചിനീയറുടേയും ചെക്ക് മെഷർ ചെയ്ത അസി.എക്സി. എഞ്ചിനീയറുടേയും ബാധ്യതയായി കണക്കാക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1100000 | സമഗ്ര നെൽകൃഷി വികസനം-131 | 1046000 | 54000 |
| | 10000000 | ലൈഫ് ഭവന നിർമ്മാണം-ജനറൽ-66 | 560000 | 9440000 |
| | 900000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-184 | 900000 | 0 |
| | 4000000 | അംഗനവാടി അനുപൂരക പോഷകാഹാരം-12 | 1225601 | 2774399 |
| | 200000 | കോണമ്പാട്ട് മൂത്തേടത്ത് റോഡ്-144 | 200000 | 0 |
| | 200000 | വെള്ളിയാമ്പുറം ശിവക്ഷേത്രം റോഡ് ടാറിങ്-239 | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 1100000 | സമഗ്ര നെൽകൃഷി വികസനം-131 | 844200 | 255800 |
| | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-184 | 300000 | 0 |

ചെലവഴിക്കാൻ അവശേഷിക്കുന്ന തുക എത്രയും വേഗം വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരിച്ചടവാക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| KSEB | വാർഡ് 16 സ്ട്രീറ്റ് മെയിൻ-197/22 | 22200555 | 34928 | 0 | U.C ലഭ്യമായിട്ടില്ല | 34928 |
| | പ്രധാന റോഡിൽ ഗതാഗതത്തിന് തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ168/22 | 22200731 | 82335 | 82335 | U.C ലഭ്യമായിട്ടുണ്ട് | 0 |
| | വാർഡ് 20 സ്ട്രീറ്റ് മെയിൻ-അൽ അമീൻ നഗർ 159/22 | 216/28.02.2023 | 49796 | . | U.C ലഭ്യമായിട്ടില്ല | 49796 |
| | വാർഡ് 12 സ്ട്രീറ്റ് മെയിൻ-158/22 | 99/26.11.2022 | 49914 | . | U.C ലഭ്യമായിട്ടില്ല | 49914 |
| | വാർഡ് 5 സ്ട്രീറ്റ് മെയിൻ-136/22 | 147/27.12.2022 | 49957 | . | U.C ലഭ്യമായിട്ടില്ല | 49957 |
| | വാർഡ് 10 ൽ സ്ട്രീറ്റ് മെയിൻ 132/22, | 2200786 | 60825 | . | U.C ലഭ്യമായിട്ടില്ല | 60825 |
| | വാർഡ് 4 ൽ സ്ട്രീറ്റ് മെയിൻ161/22, | 145/27.12.2022 | 99924 | . | U.C ലഭ്യമായിട്ടില്ല | 99924 |
| | വാർഡ് 2 ൽ സ്ട്രീറ്റ് മെയിൻ134/22, | 92/24.11.2022 | 96406 | . | U.C ലഭ്യമായിട്ടില്ല | 96406 |
| G.W.D | അങ്കണവാടികളിൽ കുഴൽ കിണർ നിർമ്മാണം-2/22 | 22200676 | 12210 | . | U.C ലഭ്യമായിട്ടില്ല | 12210 |
| | കുഴൽ കിണർ റിപ്പയർ-50/22 | | 146646- | | U.C ലഭ്യമായിട്ടില്ല | 146646 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ / വായ്പാ തിരിച്ചടവ്.

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2096216 |
| തൻവർഷം നിക്ഷേപിച്ച തുക | 3146735 |
| ആകെ | 5242951 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5242951 |
| മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിനിംഗ് മിൽ ഇക്വിറ്റി ഷെയർ | 500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (Fixed Deposit) | 2242951 | 00401600004826Dated 27.07.1977 |
| തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (Fixed Deposit) | 3000000 | 00301600007791Dated 11.10.2022 |
| | 5242951 | |
| മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിനിംഗ് മിൽസ് ഇക്വിറ്റി ഷെയർ (Share Certificate) | 500 | S.No.55. Dated.27/07/1977 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/തീയതി |
|---|---|---|---|---|
| 2022-2023 | | 250 | സതി.പി ഹെഡ്മിസ്ട്രസ് | 1220100872 തീയതി24.06.2022 |
| 2022-2023 | | 250 | രാജൻ.ഒ.എ വെറ്റിനറി സർജൻ | 1220100860 തീയതി23.06.2022 |
| 2022-2023 | | 250 | പ്രവീൺ.എസ്,വെറ്റിനറി സർജൻ | 1220100859 തീയതി23.06.2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-2 | 2002-03 | പൊതു പരാമർശം 10-1-3 | കുടിവെള്ള പദ്ധതി അപാകതകൾ | നടപടി തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | നടപടി തുടരുന്നു |
| 2014-15 | 2-7 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | നടപടി തുടരുന്നു |
| 2014-15 | 2-1 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | നടപടി തുടരുന്നു |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2006-07 | 3-2 | ഡോ.ആർ. മുകുന്ദ വർമ മെഡിക്കൽ ഓഫീസർ പി.എച്ച്.സി (ആരോഗ്യം) | LF.9703/ Spl.Cell/ CSC/D1/11 Dt.15.12.2014 | 41800 | അടവാക്കിയിട്ടില്ല | ഇല്ല | ഇല്ല | 0 | 0 | 0 | 41800 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 104699836 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 170282514 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30147 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 32,88,682 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 30147 | ശ്രീമതി. ഷമീജ ഷാഫി, അസി.എഞ്ചിനീയർ- 2870<br>ശ്രീമതി. അർഷ. എസ്, അസി.എഞ്ചിനീയർ-12204<br>ശ്രീ. കൃഷ്ണൻ കുട്ടി,അസി.എക്സി.എഞ്ചിനീയർ- 15073 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1,92,911 | ശ്രീ. പ്രദീപൻ.പി.കെ, സെക്രട്ടറി |
| 1-18 | 3,27,752 | ശ്രീ. പ്രദീപൻ.പി.കെ, സെക്രട്ടറി |
| 1-19 | 20,69,200 | ശ്രീ. പ്രദീപൻ.പി.കെ, സെക്രട്ടറി |

| | | |
|---|---|---|
| 1-20 | 3,56,913 | ശ്രീ. പ്രദീപൻ.പി.കെ, സെക്രട്ടറി |
| 1-21 | 1,48,978 | 1,13,929 ശ്രീമതി.ബിസിലി ബിന്ദു.ടി.എസ്,സെക്രട്ടറി |
| | | 35,049 ശ്രീ. പ്രദീപൻ.പി.കെ, സെക്രട്ടറി |
| 1-22 | 1,92,928 | ശ്രീ. പ്രദീപൻ.പി.കെ, സെക്രട്ടറി |
| ആകെ | 32,88,682 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കൃഷ്ണൻ കുട്ടി, അസി.എക്സി.എഞ്ചിനീയർ | വിരമിച്ചു. | പൂത്തുപറമ്പിൽ ഹൗസ്, വള്ളുവമ്പ്രം. പി.ഒ, മലപ്പുറം ജില്ല, പിൻ-673642, മൊബൈൽ നം. 9946292619 |
| ശ്രീമതി. അർഷ. എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി, ആറ്റിങ്ങൽ, തിരുവനന്തപുരം | തിരുവോണം ഹൗസ്, മതിലിൽ- പി.ഒ, കൊല്ലം,691601 |
| ശ്രീമതി. ഷമീജ ഷാഫി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി,മാലാപ്പറമ്പ്, കോഴിക്കോട്. | താഴത്തെപീടിയേക്കയിൽ ഹൗസ്, കോവൂർ-പി.ഒ, മെഡിക്കൽ കോളേജ്,കോഴിക്കോട്-673008 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ എസ് എ എം പി എം. 15/779/19 തിയ്യതി 15.10.19 | 3 |
| 2006-07 | കെ എസ് എ എം പി എം. 15/779/19 തിയ്യതി 15.10.19 | 8 |
| 2007-08 | കെ എസ് എ എം പി എം. 15/779/19 തിയ്യതി 15.10.19 | 12 |
| 2008-09 | കെ എസ് എ എം പി എം. 15/1270/2010 തിയ്യതി 6.12.2022 | 9 |
| 2009-10 | കെ എസ് എ എം പി എം. 15/779/19 തിയ്യതി 15.10.19 | 11 |
| 2010-11 | കെ എസ് എ എം പി എം. 15/2147/2022 തിയ്യതി 30.9.2022 | 1 |
| 2011-12 | കെ എസ് എ എം പി എം. 15/2147/2022 (1) തിയ്യതി 30.9.2022 | 7 |
| 2012-13 | കെ എസ് എ എം പി എം. 15/2147/2022 (2) തിയ്യതി 30.9.2022 | 2 |

| | | |
|---|---|---|
| 2013-14 & 204-15 | കെ എസ് എ എം പി എം. 15/2147/2022 (3) തിയ്യതി 30.9.2022 | 7 |
| 2015-16 | കെ എസ് എ എം പി എം. 15/1/17 തിയ്യതി 07.12.17 | 9 |
| 2016-17 | കെ എസ് എ എം പി എം 15/1812/17 തിയ്യതി 22.06.18 | 16 |
| 2017-18 | കെ.എസ്.എ.എം.പി.എം15/260/2019 തിയതി: 29.05.2019 | 10 |
| 2018-19 | കെ.എസ്.എ.എം.പി.എം.15/283/2020 തിയതി: 17.06.2020 | 29 |
| 2019-20 | കെ.എസ്.എ.എം.പി.എം.15/825/2022 തിയതി: 12.10.2022 | 11 |
| 2020-21 | കെ.എസ്.എ.എം.പി.എം.15/1489/2022 തിയതി: 7.10.2022 | 13 |
| 2021-22 | കെ.എസ്.എ.എം.പി.എം.15/302/2023 തിയതി: 08.06.2023 | 12 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം.

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 06-07-2023 and submitted on 07-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Nannambra Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nannambra Grama Panchayat for the year 2022-2023

Date: 06/10/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Nannambra Grama Panchayat for the Year 2022-2023.

**1.Major Observations**

-

**2.Other Observations**

1. The bank book amount does not match the reconciliation statement.
2. Bank statements are not attested.
3. Errors found in Depreciation Statement
4. Yearwise Description of advances is not available in Deposit Register.
5. Audit Recovery Register not kept up to date.
6. Advance Register not kept up to date.

7. Property tax does not match between DCB and AFS.

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്